## പതിനൊന്നാം കേരള നിയമസഭ

നാലാം സമ്മേളനം

2002 ജൂൺ 13-ാം തീയതി വ്യാഴാഴ്ച

(ആകെ ചോദ്യങ്ങൾ - 30)

**31. ദേശീയ ജലവിഭവ കൗൺസിൽ യോഗം അംഗീകരിച്ച ജലനയം**
**32. ചെറുകിട ജല വൈദ്യുത പദ്ധതികൾ**
**33. വൈദ്യുതി ബോർഡിനെ ലാഭകരമാക്കുന്നതിനുള്ള പദ്ധതി**
**34. മൽസ്യ ബന്ധനമേഖലയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള പദ്ധതികൾ**
**35. ആദിവാസി മേഖലയിലെ പട്ടിണിയും രോഗവും അകറ്റാൻ നടപടി**
**36. ഗിരിവർഗ്ഗ മേഖലയിൽ കേന്ദ്ര സർക്കാർ ആരംഭിച്ച ധാന്യബാങ്ക് പദ്ധതി**
**37. ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതികൾ**
**38. ജപ്പാൻ കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച നടപടി**
**39. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള ക്ഷേമപ്രവർത്തനങ്ങൾ**
**40. തിരമാലയിൽ നിന്നും വൈദ്യുതി ഉൽപാദിപ്പിക്കുന്നതിനുള്ള പദ്ധതി**
**41. സമ്പാദ്യ സമാശ്വാസ പദ്ധതി**
**42. സംസ്ഥാന സർക്കാരും കേന്ദ്ര സർക്കാരുമായി ഒപ്പുവച്ച ധാരണാപത്രം**
**43. വിനോദസഞ്ചാര രംഗത്ത് വൈദ്യുതി ബോർഡിന്റെ പ്രവർത്തനം**
**44. കടൽക്കൊള്ളക്കാരിൽനിന്നും മത്സ്യത്തൊഴിലാളികളെ രക്ഷിക്കാൻ നടപടി**
**45. പട്ടികജാതി-പട്ടികവർഗ്ഗ വികസനത്തിന് നീക്കിവച്ച തുക**
**46. മത്സ്യ മേഖലയുടെ വികസനത്തിനായുള്ള പുതിയ പദ്ധതി**
**47. വൈദ്യുതി ബോർഡ് നടപ്പാക്കുന്ന വിനോദ സഞ്ചാര പദ്ധതികൾ**
**48. വിനോദസഞ്ചാര മേഖലയിലെ സ്വകാര്യ പങ്കാളിത്തം**
**49. കടൽജലം ശുദ്ധീകരിച്ച് കുടിവെള്ളമുണ്ടാക്കുന്ന പദ്ധതി**
**50. വിദ്യുച്ഛക്തി ബോർഡിന്റെ വായ്പകൾ**
**51. കേന്ദ്രഗവൺമെന്റിന്റെ പരിഗണനക്കായി സമർപ്പിച്ചിട്ടുള്ള വൈദ്യുതപദ്ധതികൾ**
**52. മൽസ്യ മേഖല വികസന നയം**
**53. താരീഫ് റഗുലേറ്ററി കമ്മിഷൻ രൂപീകരിക്കാനുള്ള നടപടികൾ**
**54. പുതിയ ജലവൈദ്യുത പദ്ധതികൾ**
**55. പരിസ്ഥിതി സൗഹൃദ വിനോദസഞ്ചാരം പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടി**
**56. വൈദ്യുതി മീറ്ററിന് വാടക ഏർപ്പെടുത്തിയ നടപടി**
**57. ജല അതോറിറ്റിയിലെ പരിഷ്ക്കാരങ്ങൾ**
**58. വൈദ്യുതി ചാർജ്ജ് വർദ്ധന**
**59. ഫിഷിംഗ് ഹാർബറുകളുടെ മേൽനോട്ടം ഏജൻസികളെ ഏൽപ്പിക്കാനുള്ള തീരുമാനം**
**60. വൈദ്യുതി കണക്ഷൻ നൽകുന്നതിന് കാലതാമസം**

### ദേശീയ ജലവിഭവ കൗൺസിൽ യോഗം അംഗീകരിച്ച ജലനയം

31. ശ്രീ. പി. ജയരാജൻ :
ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. എ കെ. ബാലൻ :
ശ്രീ. വി. കെ. സി. മമ്മത്കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2002 ഏപ്രിൽ ഒന്നിന് ഡൽഹിയിൽ ചേർന്ന ദേശീയ ജലവിഭവ കൗൺസിൽ യോഗം അംഗീകരിച്ച ജലനയം കേരളം അംഗീകരിച്ചിട്ടുണ്ടോ;

(ബി) ജല വിഭവം കണ്ടെത്തൽ, പദ്ധതി ആസൂത്രണം, വിതരണം തുടങ്ങിയ മേഖലകളിൽ സ്വകാര്യ പങ്കാളിത്തം ആകാമെന്നു പ്രസ്തുത കൗൺസിൽ തീരുമാനമെടുത്തിട്ടുണ്ടോ;

(സി) എങ്കിൽ ഇത് സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ സമീപനം എന്താണെന്ന് വ്യക്തമാക്കുമോ;

(ഡി) ജല പദ്ധതികൾക്ക് നൽകുന്ന കേന്ദ്ര സഹായം ജലനയം നടപ്പാക്കുന്ന സംസ്ഥാനങ്ങൾക്കു മാത്രമായി നിജപ്പെടുത്തിയിട്ടുണ്ടോ;

(ഇ) കേന്ദ്രം ആവിഷ്കരിച്ച ജലനയം നടപ്പാക്കുന്നതിന് കേന്ദ്രവും ആയിട്ട് സംസ്ഥാന സർക്കാർ ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ടോ;

(എഫ്) പുതിയ ജലനയംമൂലം പമ്പ, അച്ചൻകോവിൽ നദീജലത്തിൻമേൽ സംസ്ഥാനത്തിനുള്ള അവകാശം നഷ്ടപ്പെടുവാൻ സാദ്ധ്യത ഉണ്ടോ എന്ന് വ്യക്തമാക്കുമോ?

**ഉത്തരം :**

**ശ്രീ. ടി. എം. ജേക്കബ് (ജലവിഭവ വകുപ്പുമന്ത്രി ) :-**

(എ) ജലവിഭവ മേഖലയിൽ വന്നിട്ടുള്ള പുരോഗതിയുടെയും വളർച്ചയുടെയും വെളിച്ചത്തിൽ 2001-ൽ തയ്യാറാക്കപ്പെട്ട കരട് ജലനയം കൗൺസിൽ യോഗം ചില മാറ്റങ്ങളോടുകൂടി അംഗീകരിക്കുകയുണ്ടായി. അന്തിമ രേഖയും നടപടി കുറിപ്പുകളും ഇതുവരെ ലഭിച്ചിട്ടില്ല.

(ബി) ഈ മേഖലയിൽ സ്വകാര്യ പങ്കാളിത്തം പ്രോത്സാഹിപ്പിക്കണമെന്ന് കരട് നയത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

(സി) ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ തീരുമാനം എടുത്തിട്ടില്ല.

(ഡി) ഇല്ല.

(ഇ) ഇല്ല.

(എഫ്) ഇല്ല.

## ചെറുകിട ജല വൈദ്യുത പദ്ധതികൾ

32. ശ്രീ. കെ. മോഹൻകുമാർ :

ശ്രീ. എം. എ. ചന്ദ്രശേഖരൻ :

ശ്രീ. വി. ഡി. സതീശൻ :

ശ്രീമതി രാധാരാഘവൻ :

ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു നിശ്ചിത മെഗാവാട്ട് വരെ വൈദ്യുതി ഉൽപ്പാദിപ്പിക്കാവുന്ന ജല വൈദ്യുത പദ്ധതികൾ കേന്ദ്രത്തിന്റെ അനുമതി കൂടാതെ നടപ്പിലാക്കാം എന്ന് കേന്ദ്ര ഗവൺമെന്റ് സംസ്ഥാന ഗവൺമെന്റിനെയും വൈദ്യുതി ബോർഡിനെയും അറിയിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര മെഗാവാട്ടുവരെ ഉൽപ്പാദിപ്പിക്കാവുന്ന വൈദ്യുത പദ്ധതികളാണ് ഈ ഗണത്തിൽപ്പെടുന്നത്;

(സി) സംസ്ഥാനത്ത് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന ഏതെങ്കിലും ചെറുകിട വൈദ്യുത പദ്ധതിയുടെ അനുമതിക്കായി പ്രസ്തുത അറിയിപ്പു വന്നശേഷം കേന്ദ്രത്തിനയച്ചിട്ടുണ്ടോ;

(ഡി) ആയതിന് കേന്ദ്ര ഗവൺമെന്റ് അനുമതി നൽകിയോ;

(ഇ) ഇല്ലെങ്കിൽ അതിന്റെ കാരണം വിശദമാക്കുമോ?

**ഉത്തരം :**

**ശ്രീ. കടവൂർ ശിവദാസൻ (വിദ്യുച്ഛക്തി വകുപ്പുമന്ത്രി ) :-**

(എ) ഉണ്ട്.

(ബി) നൂറു മെഗാവാട്ടുവരെ ശേഷിയുള്ള, അന്തർ സംസ്ഥാന പ്രശ്നങ്ങളില്ലാത്ത ജലവൈദ്യുതി പദ്ധതികൾക്ക് പ്ളാനിംഗ് കമ്മിഷന്റെ ഇൻവെസ്റ്റ്മെന്റ് അപ്രൂവൽ ആവശ്യമില്ല. ഇരുപത് ഹെക്ടറിൻ താഴെ വനഭൂമി ഉൾപ്പെടുന്ന ജലവൈദ്യുതി പദ്ധതികൾക്ക് പരിസ്ഥിതി അനുമതി ആവശ്യമില്ല. എന്നാൽ വനഭൂമി ഉൾപ്പെടുന്ന എല്ലാ ജലവൈദ്യുത പദ്ധതികൾക്കും വനം വിട്ടുകിട്ടുന്നതിനുള്ള അനുമതി ആവശ്യമാണ്.

(സി) യും (ഡി) യും (ഇ) യും

വനം വിട്ടുകിട്ടാനുള്ള അനുമതി ആവശ്യമായതിനാൽ ചെങ്കുളം ആഗ്മെന്റേഷൻ പദ്ധതി, പേപ്പാറ (3 മെഗാവാട്ട്), ലോവർ മീൻമുട്ടി (3.5 മെഗാവാട്ട്) എന്നീ ചെറുകിട പദ്ധതികൾ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതിയ്ക്കായി സമർപ്പിക്കുകയും അനുമതി ലഭിക്കുകയുമുണ്ടായി.

## വൈദ്യുതി ബോർഡിനെ ലാഭകരമാക്കുന്നതിനുള്ള പദ്ധതി

33. ശ്രീ. റോഷി അഗസ്റ്റിൻ:

ശ്രീ. കെ. നാരായണക്കുറുപ്പ് :

ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഷ്ടത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന വൈദ്യുതി ബോർഡിനെ ലാഭകരമാക്കുന്നതിനുള്ള എന്തെങ്കിലും കർമ്മ പദ്ധതി നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) ഇപ്രകാരമുള്ള കർമ്മ പദ്ധതി തയ്യാറാക്കാൻ ആരെങ്കിലും ചുമതലപ്പെടുത്തിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ആരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

**<u>ഉത്തരം :</u>**

**ശ്രീ. കടവൂർ ശിവദാസൻ (വിദ്യുച്ഛക്തി വകുപ്പുമന്ത്രി ) :-**

(എ) ഉണ്ട്.

(ബി) ഈ പദ്ധതിപ്രകാരം നടപ്പാക്കാനുദ്ദേശിക്കുന്ന പരിപാടികളിൽ പ്രധാനയവ താഴെപ്പറയും പ്രകാരമാണ്.

<u>റവന്യു വർദ്ധിപ്പിക്കുന്നതിനുള്ള പരിപാടികൾ</u>

(1) കേടായ മീറ്ററുകൾ മാറ്റി കൂടുതൽ കാര്യക്ഷമതയുള്ളതും എളുപ്പത്തിൽ കേടുവരുത്താൻ കഴിയാത്തതുമായ മീറ്ററുകൾ സ്ഥാപിക്കുക.
(2) ബില്ലിംഗിനും റവന്യു സമാഹരണത്തിനും കംപ്യൂട്ടർവത്ക്കരണം ഏർപ്പെടുത്തുക.
(3) വൈദ്യുതി മോഷണം തടയുന്നതിനുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുക.
(4) കുടിശ്ശിക പിരിചെടുക്കാൻ ഊർജ്ജിത പരിശ്രമം നടത്തുക.
(5) ഉപയോഗശൂന്യമായ വസ്തുകൾ അടിയന്തിരമായി വിൽക്കുക.
(6) കേസുകൾ തീർപ്പാക്കുന്നതിന് അദാലത്തുകൾ നടത്തുക.
(7) പ്രസരണ വിതരണ നഷ്ടം കറയ്ക്കുന്നതിന് കടുതൽ സബ്സ്റ്റേഷനുകൾ, ഹൈടെൻഷൻ ലൈനുകൾ, ട്രാൻസ്ഫോർമറുകൾ എന്നിവ സ്ഥാപിച്ചു പ്രസരണ വിതരണ ശൃംഖലയെ പൂഷ്ടിപ്പെടുത്തുക.

<u>ചെലവു കുറയ്ക്കുന്നതിനുള്ള പരിപാടികൾ</u>

(1) ഹോളിഡേ വേജസ് നിർത്തലാക്കുക.
(2) സറണ്ടർ ലീവ് ആുകൂല്യങ്ങൾ നിർത്തലാക്കുക.
(3) പെൻഷൻ തുക മണിഓർഡർ ആയി അയ്യക്കുന്നത് നിർത്തുക.
(4) വാടക കെട്ടിടങ്ങളിൽ പ്രവർത്തിയ്ക്കുന്ന ഓഫീസുകൾ, ലഭ്യമായ ബോർഡു കെട്ടിടങ്ങളിലേയ്ക്ക് മാറ്റുക.
(5) പുതിയ വാഹനങ്ങൾ വാങ്ങുന്നത് നിയന്ത്രിച്ച് ആവശ്യമാനുസരണം ചുരുങ്ങിയ ചെലവിൽ വഹനങ്ങൾ വാടകയ്ക്ക് എടുക്കുക.
(6) പരസ്യച്ചെലവ് കുറയ്ക്കുക.
(7) ഫോൺ, വാഹനം എന്നിവയുടെ ഉപയോഗത്തിൽ കർശനമായ നിയന്ത്രണം ഏർപ്പെടുത്തുക.
(8) ചീഫ് എഞ്ചിനീയർമാരുടെ തസ്തികകൾ കുറയ്ക്കുക.
(9) അടുത്ത 3 വർഷത്തേയ്ക്ക് പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതും മസ്ദൂർ ഒഴികെയുള്ള ഒഴിവുകളിൽ നിയമനം നടത്തുന്നതും നിർത്തിവയ്ക്കുക.
(10) കായംകുളം നിലയത്തിലെ വിലകൂടിയ വൈദ്യുതി ഭാഗികമായി അയൽ സംസ്ഥാനങ്ങൾക്ക് വിൽക്കുക വഴി ഭീമമായ ഫിക്സഡ് ചാർജ്ജിൽ ഇളവ് സംമ്പാദിക്കുക.

(സി) ഉണ്ട്.

(ഡി) പ്ളാനിംഗ് ബോർഡ് വൈസ് ചെയർമാൻ, ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, ഊർജ്ജ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, വൈദ്യുതിബോർഡ് ചെയർമാൻ എന്നിവർ അംഗങ്ങളായുള്ള ഒരു സമിതിയെയാണ് ചുമതലപ്പെടുത്തിയത്.

**<u>മൽസ്യ ബന്ധനമേഖലയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള പദ്ധതികൾ</u>**

34. പ്രൊഫ. എ. ഡി. മുസ്തഫ :
ശ്രീ. എ. സുജനപാൽ :
ശ്രീ. പി. പി. ജോർജ് :
ശ്രീ. എൻ. ഡി. അപ്പച്ചൻ :

ശ്രീ. പി. ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മൽസ്യ ബന്ധന മേഖലയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി എന്തെങ്കിലും പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കുവാൻ എന്തു ചെലവു പ്രതീക്ഷിക്കുന്നു എന്ന് വ്യക്തമാക്കുമോ;

(ഡി) ആ തുക എപ്രകാരം കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

**<u>ഉത്തരം :</u>**

**പ്രൊ. കെ. വി. തോമസ് (ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി) :-**

(എ) ഉണ്ട്.

(ബി) മത്സ്യബന്ധന മേഖലയിലെ കോളനികളിലേയും മറ്റു പാർപ്പിടസങ്കേതങ്ങളിലേയും പഴയ വീടുകൾ താമസയോഗ്യമാക്കുന്നതിനും ശുചിത്വമുള്ള കക്കൂസുകൾ നിർമിക്കുന്നതിനും കുടി വെള്ളം വിതരണം ചെയ്യുന്നതിനുമായി കേന്ദ്ര സർക്കാരിന്റെ അധിക കേന്ദ്ര സഹായ പദ്ധതിയിൽപ്പെടുത്തി 15 കോടി രൂപയുടെ പദ്ധതിക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗരേഖകൾക്ക് അന്തിമരൂപം നൽകിവരുന്നു. കൂടാതെ മത്സ്യബന്ധന മേഖലയിലെ അടിസ്ഥാന സൗകര്യവികസനത്തിനായി നടപ്പു സാംപത്തികവർഷം മുന്ന് അഞ്ച് വർഷങ്ങളിലായി 504 കോടി രൂപ മതിപ്പുള്ള ഒരു പദ്ധതി സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

(സി) രണ്ടു പദ്ധതികൾക്കും കൂടി 5 കൊല്ലം കൊണ്ട് 519 കോടി രൂപ ചെലവു പ്രതീക്ഷിക്കുന്നു.

(ഡി) 504 കോടി രൂപയുടെ പദ്ധതിക്ക് തുക കണ്ടെത്തുന്നതിനായി വിവിധ കേന്ദ്ര ഏജൻസികളുടെയും, ഹഡ്കോ തുടങ്ങിയ സാംപത്തിക സ്ഥാപനങ്ങളുടെയും സഹായം തേടാൻ ഉദ്ദേശിക്കുന്നു.

## <u>ആദിവാസി മേഖലയിലെ പട്ടിണിയും രോഗവും അകറ്റാൻ നടപടി</u>

35. ശ്രീമതി ഗിരിജാ സുരേന്ദ്രൻ:

ശ്രീ. കെ. കെ. ജയചന്ദ്രൻ :

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആദിവാസി കോളനികളിൽ പട്ടിണിയും രോഗങ്ങളും മൂലമുള്ള മരണങ്ങൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആദിവാസി മേഖലയിലെ പട്ടിണിയും രോഗവും അകറ്റാൻ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടിണിയും രോഗവും മൂലം എത്ര ആദിവാസികൾ മരണപ്പെട്ടിട്ടുണ്ട്;

(ഡി) ആദിവാസി മേഖലയിൽ പണിയില്ലാതെ ദാരിദ്ര്യം അനുഭവിക്കുന്ന കുടംബങ്ങളെ സംരക്ഷിക്കാൻ സർക്കാർ പ്രത്യേക പദ്ധതി വല്ലതും ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

**<u>ഉത്തരം :</u>**

**ഡോ. എം. എ. കുട്ടപ്പൻ (പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി ) :-**

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പഞ്ഞ മാസങ്ങളിൽ തൊഴിലില്ലായ്മ മൂലം പട്ടികവർഗ്ഗക്കാർക്കുണ്ടാകുന്ന ദുരിതം അകറ്റുന്നതിന് ഈ വകുപ്പ് നേരിട്ട് ഫുഡ് സ്പോർട്ട് പ്രോഗ്രാം നടപ്പാക്കുന്നുണ്ട്. എല്ലാ പട്ടികവർഗ്ഗ കുടുംബത്തിനും ആഴ്ചയിൽ 10 കിലോ അരി വീതം 1-6-2002 മുതൽ 31-8-2002 വരെ നൽകാൻ ഉത്തരവായിട്ടുണ്ട്.

പട്ടികവർഗ്ഗാക്കാരെ കുടിയിരുത്തിയിരിക്കുന്ന പട്ടിക വർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സുഗന്ധഗിരി കാർഡമം പ്രോജക്ട്, പൂക്കോടി ഡയറി പ്രോജക്ട്, പ്രിയദർശിനി തേയില തോട്ടം വട്ടച്ചിറ കളക്ടീവ് ഫോം, അട്ടപ്പാടി കോ.ഓപ്പറേറ്റീവ് ഫാമിംഗ് സൊസൈറ്റി തുടങ്ങിയ പ്രോജക്ടുകൾക്ക് എല്ലാ വർഷവും ധനഹായം നൽകുന്നുണ്ട്.

പട്ടികവർഗ്ഗക്കാരുടെ ചികിൽസയ്ക്കായി നിരവധി പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. മാനന്തവാടിയിൽ ആരംഭിച്ച ഹെൽത്ത് പ്രോജക്ടിൽ ഇൻപേഷ്യന്റ് യൂണിറ്റ് പ്രവർത്തനം സജ്ജമായിട്ടുണ്ട്. ആംബുലൻസ്, മിനിബസ്, ജീപ്പ്, ചികിത്സാ സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ എന്നിവയ്ക്കായി കേന്ദ്ര ഗവൺമെന്റിൽ നിന്നും 45 ലക്ഷം രൂപ അനുവദിച്ചു. അട്ടപ്പാടിയിൽ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ ഔട്ട് പേഷ്യന്റ് ക്ളിനിക്ക് പ്രവർത്തിച്ചു വരുന്നു. തൊടുപുഴയും നെടുമങ്ങാടും ആസ്ഥാനമാക്കി രണ്ട് മൊബൈൽ മെഡിക്കൽ യൂണിറ്റുകളും വിവിധ ഭാഗങ്ങളിലായി 22 ഡിസ്പെൻസറികളും പ്രവർത്തിക്കുന്നുണ്ട്. പട്ടികവർഗ്ഗക്കാർക്ക് കൂടുതൽ സാമ്പത്തിക ബാദ്ധ്യത വരുന്ന വിദ്ഗ്ദ്ധ ചികിൽസയ്ക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമ വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ധനസഹായം അനുവദിക്കുന്നുണ്ട്.

മേൽ പറയുന്നവ കൂടാതെ വയനാട്, അട്ടപാടി, നിലമ്പൂർ, പാലക്കാട് തുടങ്ങിയ പട്ടികവർഗ്ഗ ജനസഖ്യ അധികമുള്ള പ്രദേശങ്ങളിൽ ആരോഗ്യ വകുപ്പിന്റെ കീഴിൽ മൊബൈൽ മെഡിക്കൽ യൂണിറ്റുകളും പ്രവർത്തിച്ചു വരുന്നു.

(സി) പട്ടിണിമൂലം പട്ടികവർഗ്ഗക്കാർ ആരും മരിച്ചിട്ടില്ല. വാർദ്ധക്യ സഹജവും രോഗങ്ങളാലും മരണപ്പെട്ട പട്ടികവർഗ്ഗക്കാരുടെ കണക്ക് ശേഖരിച്ചിട്ടില്ല.

(ഡി) പൊതുവേ മൺസൂൺ കാലത്ത് ജോലി ചെയ്യാൻ സാധിക്കാത്തതു കാരണം ആദിവാസി മേഖലയിൽ മഴക്കാലത്ത് ദാരിദ്ര്യം അനുഭവപ്പെടുന്നു. സംസ്ഥാനത്തെ എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും 1–6–2002 മുതൽ 31–9–2002 വരെ മൂന്നു മാസത്തേക്ക് ഫുഡ് ഫോർ വർക്ക് പ്രോഗ്രാം പ്രകാരം സൗജന്യമായി അരി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചു കഴിഞ്ഞു.

## ഗിരിവർഗ്ഗ മേഖലയിൽ കേന്ദ്ര സർക്കാർ ആരംഭിച്ച ധാന്യബാങ്ക് പദ്ധതി

36. ശ്രീമതി മേഴ്സി രവി :
ശ്രീ. എം. എ. ചന്ദ്രശേഖരൻ:
ശ്രീ. വർക്കല കഹാർ :
ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക–പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗിരിവർഗ്ഗ മേഖലയിൽ കേന്ദ്ര സർക്കാർ ആരംഭിച്ച ധാന്യ ബാങ്ക് പദ്ധതി സംസ്ഥാനത്ത് ബാധകമാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ എവിടെയെല്ലാമെന്ന് വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്ത് എത്ര പേർക്ക് ഈ പദ്ധതി കൊണ്ട് ഗുണം കിട്ടി എന്ന് വ്യക്തമാക്കുമോ;

(ഡി) ഈ പദ്ധതി കൂടുതൽ സ്ഥലത്തേക്ക് വ്യാപിക്കുവാൻ ഉദ്ദേശമുണ്ടോ;

(ഇ) ഗിരിവർഗ്ഗമേഖലയല്ലാത്ത, ഗിരിവർഗ്ഗക്കാരധിവസിക്കുന്ന മറ്റ് സ്ഥലങ്ങളിൽ ധാന്യബാങ്ക് പദ്ധതി വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(എഫ്) എങ്കിൽ സംസ്ഥാനത്ത് ഗിരിവർഗ്ഗമേഖലയല്ലാത്ത, ഗിരി വർഗ്ഗക്കാർ അധിവസിക്കുന്ന എവിടെയെല്ലാം ഈ പദ്ധതി വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ?

**ഉത്തരം :**

**ഡോ. എം. എ. കുട്ടപ്പൻ (പിന്നോക്ക–പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി ) :–**

(എ) ഉണ്ട്.

(ബി) പടവയൽ, നൂൽപ്പുഴ, കാന്തല്ലൂർ, തീരുനെല്ലി, പുടുർ, അടിച്ചിപ്പുഴ, പനത്തടി, പാലപ്പള്ളി, മലക്കപ്പാറ എന്നീ പട്ടികവർഗ്ഗക്കാർ ധാരാളമായുള്ള ഗ്രാമങ്ങളിൽ ഗ്രെയിൻബാങ്ക് പദ്ധതി നടപ്പാക്കിയിട്ടുണ്ട്.

(സി) 893 കുടുംബങ്ങൾക്ക് ഗുണം കിട്ടിയിട്ടുണ്ട്.

(ഡി) ഉണ്ട്.

(ഇ) ഇത്തരം ഒരു പദ്ധതിയെ കുറിച്ച് തീരുമാനമെടുത്തിട്ടില്ല.

(എഫ്) ബാധകമല്ല.

## ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതികൾ

37. ശ്രീ. പി. കെ. അബ്ദുറബ്ബ് :
ശ്രീ. വി. കെ. ഇബ്രഹിം കുഞ്ഞ് :
ശ്രീ. കളത്തിൽ അബ്ദുള്ള :

ശ്രീ. പി. കെ. കെ ബാവ :

ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതികൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതികളുടെ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഇപ്പോൾ പണി നടന്നുകൊണ്ടിരിക്കുന്ന ഗ്രാമീണ ശുദ്ധജല പദ്ധതികൾ എന്നത്തേക്ക് പൂർത്തിയാകുമെന്ന് വ്യക്തമാക്കുമോ?

<u>**ഉത്തരം :**</u>

**ശ്രീ. ടി. എം. ജേക്കബ് (ജലവിഭവ വകുപ്പുമന്ത്രി ) :-**

(എ) ഉണ്ട്.

(ബി) കേന്ദ്ര ഗവൺമെന്റ് ധനസഹായത്തോടെ സംസ്ഥാനത്ത് 420 കോടി രൂപ ചെലവു പ്രതീക്ഷിക്കുന്ന പദ്ധതികൾ നടപ്പിലാക്കുവാൻ ഏപ്രിൽ മാസത്തിൽ നടത്തിയ എ. ആർ. പി. സാാംഗഷനിംഗ് കമ്മിറ്റി തത്വാധിഷ്ഠിത അംഗീകാരം നൽകിയിട്ടുണ്ട്. ഇവയിൽ 293 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന 36 മേജർ പദ്ധതികളും ഉൾപ്പെടുന്നു.

ഡച്ച് ഗൺമെന്റിൽ നിന്നും രണ്ടു ജില്ലകൾക്ക് (ആലപ്പുഴയും ഇടുക്കിയും) സഹായം ലഭിക്കുന്ന പദ്ധതി പരിഗണനയിലുണ്ട്.

(സി) ഇപ്പോൾ പണി നടന്നുകൊണ്ടിരിക്കുന്ന 188 ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതികൾ പ്രത്യേക ആക്ഷൻ പ്ളാൻ തയ്യാറാക്കി ഘട്ടം-ഘട്ടമായി 2002-03 മുതൽ 2005-06 വരെ യുള്ള കാലയളവിൽ പൂർത്തിയാക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്.

ലോകബാങ്ക് സഹായത്തോടെ കേരള റൂറൽ വാട്ടർ സ്പളൈ ആന്റ് സാനിറ്റേഷൻ ഏജൻസി വഴി നടപ്പിലാക്കുന്ന പദ്ധതിയിൽ ഇപ്പോൾ പണി നടന്നു കൊണ്ടിരിക്കുന്ന 25 പഞ്ചായത്തുകളിലെ ഗ്രാമീണ ശുദ്ധജല പദ്ധതികൾ 2003 ആഗസ്റ്റ് മാസം പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

കേന്ദ്ര ഗവൺമെന്റ് ധനസഹായത്തോടെ സെക്ടർ റിഫോം പദ്ധതിയിൽ ഉൾപ്പെടുത്തി കൊല്ലം, കാസർകോട് ജില്ലയിൽ നടപ്പിലാക്കുന്ന ശുദ്ധജല വിതരണ പദ്ധതികളടെ നടത്തിപ്പിനായി ഗുണഭേക്തൃ സമിതികൾ രൂപീകരിച്ച് പ്രവർത്തനങ്ങൾ നടത്തി വരുന്നു. കാസർകോട് ജില്ലയിൽ 5 പഞ്ചായത്തുകളിൽ ഇതിനകം പദ്ധതി ആരംഭിച്ചു കഴിഞ്ഞു. കൊല്ലം ജില്ലയിലും 5 പഞ്ചായത്തുകളിൽ പദ്ധതി ആരംഭിച്ചു കഴിഞ്ഞു. തുടങ്ങിയ പണികൾ 2002 ഡിസംബർ മാസത്തോടു കൂടി പൂർത്തീകരിക്കുവാൻ ലക്ഷ്യമിട്ടിരിക്കുന്നു.

## <u>ജപ്പാൻ കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച നടപടി</u>

38. ശ്രീ. മത്തായി ചാക്കോ :

ശ്രീ. എ. കെ. ബാലൻ :

ശ്രീ. ടി. കെ. ദേവകുമാർ :

ശ്രീ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജപ്പാൻ കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) പദ്ധതിയുടെ കൺസൽട്ടൻസിനെ നിയമിക്കുന്നതിന് ആഗോള ടെണ്ടർ വിളിക്കുന്നതിന് മുൻ സർക്കാർ തീരുമാനം എടുത്തിട്ടുണ്ടായിരുന്നുവോ;

(സി) എങ്കിൽ ആ തീരുമാനത്തിൽ നിന്നും ഈ സർക്കാർ പുറകോട്ട് പോകാനിടയായ സാഹചര്യം എന്തായിരുന്നു;

(ഡി) കൺസൽട്ടന്റായി പി. സി. ഐ. യെ നിയമിച്ചില്ലെങ്കിൽ ധനസഹായം നൽകുന്നതിൽ നിന്നും പിൻമാറുമെന്ന് ബാങ്ക് അധികൃതർ അറിയിച്ചതായി മുഖ്യമന്ത്രി പ്രഖ്യാപിക്കുകയുണ്ടായോ;

(ഇ) പദ്ധതി വായ്പയ്ക്ക് ജപ്പാൻ ബാങ്ക് ഈടാക്കുന്ന പലിശ എത്ര ശതമാനമാണെന്ന് വിശദമാക്കാമോ;

(എഫ്) 1997-ലെ കരാർ അനുസരിച്ചുള്ള പദ്ധതി ചെലവ് എത്ര കോടിയാണ്; ഇപ്പോൾ എത്ര ശതമാനം വർദ്ധന പ്രതീക്ഷിക്കുന്നു?

<u>**ഉത്തരം :**</u>

**ശ്രീ. ടി. എം. ജേക്കബ് (ജലവിഭവ വകുപ്പുമന്ത്രി ) :-**

(എ) ജപ്പാൻ ബാങ്ക് ഫോർ ഇന്റർനാഷണൽ കോ-ഓഫ്പറേഷന്റെ സഹായത്തോടുകൂടി കേരള വാട്ടർ സപ്ളൈ പ്രോജക്ട് എന്ന പേരിൽ നടപ്പിലാക്കുന്ന ശുദ്ധജല വിതരണപദ്ധതിയുടെ നിർവഹണത്തിനായി അന്താരാഷ്ട്ര നിലവാരമുള്ള കൺസൽട്ടന്റിനെ നിയമിക്കേണ്ടതുണ്ട്. കൺസൽട്ടന്റുമാരുടെ ഷോർട്ട് ലിസ്റ്റ് തയ്യാറാക്കുന്നതിനുവേണ്ടിയുള്ള പ്രാരംഭ പ്രവർത്തനങ്ങൾ കേരളാ വാട്ടർ അതോറിട്ടി പുനർ ആരംഭിച്ചു കഴിഞ്ഞു. ഷോർട്ട് ലിസ്റ്റ് തയ്യാറാക്കാൻ വേണ്ടിയുള്ള 'ലെറ്റർ ഓഫ് ഇന്ററസ്റ്റ്' അന്താരാഷ്ട്ര കൺസൽട്ടന്റുമാരിൽ നിന്നും ക്ഷണിച്ചുകൊണ്ടുള്ള പരസ്യം പുറപ്പെടുവിച്ചിട്ടുണ്ട്. 2002 ജൂലായ് 1-ാം തീയതിയാണ് ലറ്റർ ഓഫ് ഇന്ററസ്റ്റ് സമർപ്പിക്കുവാനുള്ള അവസാന തീയതി. പദ്ധതിക്കാവശ്യമായ സ്ഥലമെടുപ്പ് നടപടികൾ പുരോഗമിച്ചു വരുന്നു

(ബി) ഉണ്ടായിരുന്നു.

(സി) കൺസൽട്ടന്റിനെ നിയമനത്തിനായി റീ ടെണ്ടർ ക്ഷണിക്കണമെന്ന് മുൻ സർക്കാരിന്റെ തീരുമാനം ജെ. ബി. ഐ. സി.ക്ക് സ്വീകാര്യമല്ല എന്ന് വ്യക്തമാക്കപ്പെട്ട സാഹചര്യത്തിലാണ് മുൻ സർക്കാരിന്റെ തീരുമാനം റദ്ദ് ചെയ്യുകയും, തത്സമയം നിശ്ചയിച്ചിട്ടുള്ള കൺസൽട്ടസിന്റെ നിയമനം അംഗീകരിക്കുകയും ചെയ്തു കൊണ്ട്, 40 ലക്ഷത്തോളം ജനങ്ങൾക്ക് പ്രയോജനം ലഭിക്കുന്ന ജപ്പാൻ കുടിവെള്ള പദ്ധതി കഴിഞ്ഞ നാലരവർഷമായി സ്തംഭിച്ചിരുന്നത്. പുനരാരംഭിക്കാൻ ഈ സർക്കാർ 16-8-01 -ൽ തീരുമാനിച്ചത്. എന്നാൽ വീണ്ടും പദ്ധതിയെ ചൊല്ലി വിവാദങ്ങൾ ഉയർന്ന സാഹചര്യത്തിൽ ഈ പദ്ധതിയെ സംബന്ധിച്ച എല്ലാ നടപടികളും നിർത്തിവെയ്ക്കാൻ തീരുമാനിക്കുകയുണ്ടായി. മേൽ തീരുമാനം പിന്നീട് പുനഃപരിശോധിക്കുകയും, വീണ്ടും പുതിയതായി ടെണ്ടർ വിളിച്ച് പദ്ധതി നടപ്പിലാക്കുവാൻ തീരുമാനിക്കുകയം ചെയ്തു. ഈ തീരുമാനം ജെ. ബി. ഐ. സി. യുമായി ചർച്ച ചെയ്ത് നടപ്പിലാക്കുവാനും തീരുമാനിച്ചു. പ്രസ്തുത തീരുമാനം ജെ. ബി. ഐ. സി. അംഗീകരിക്കുകയും പുതിയ തെരഞ്ഞെടുപ്പു പ്രക്രിയ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) ജെ. ബി. ഐ. സി. സർക്കാരിനെ അറിയിച്ച കാര്യം മുഖ്യമന്ത്രി വെളിപ്പെടുത്തിയിട്ടുണ്ട്.

(ഇ) 2.10%

(എഫ്) 1787.45 കോടി രൂപ, പദ്ധതി 1997-ൽ തുടങ്ങി 2003-ൽ പൂർത്തിയാക്കാനാണ് കരാർ പ്രകാരം ലക്ഷ്യമിട്ടിരുന്നത്. ഈ തുകയിൽ 2003-വരെയുള്ള 'പ്രൈസ് എസ്കലേഷൻ'-ഉം ഉൾപ്പെട്ടിട്ടുണ്ട്. ഓരോ വർഷവും ലോക്കൽ കറൻസിക്ക് 10.50% -ഉം ഫോറിൻ കറനൻസിക്ക് 2% വർദ്ധനയുമാണ് കരാർ പ്രകാരം വിഭാവനം ചെയ്തിട്ടുള്ളത്.

## <u>പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള ക്ഷേമപ്രവർത്തനങ്ങൾ</u>

39. ശ്രീ. മാമ്മൻ മത്തായി :

ശ്രീ. ജോസഫ് എം. പുതുശ്ശേരി :

ശ്രീ. തോമസ് ഉണ്ണിയാടൻ :

ശ്രീ. സ്റ്റീഫൻ ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമപ്രവർത്തനങ്ങൾക്കായി അനുവദിക്കുന്ന തുക വകമാറ്റി ചെലവഴിക്കുന്ന പ്രവണത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതൊഴിവാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം;

(സി) ഈ സാമ്പത്തികവർഷം ഈ ഇനത്തിൽ എത്ര കോടി രൂപയുടെ ക്ഷേമപ്രവർത്തനങ്ങളാണ് സംസ്ഥാനത്ത് നടത്തുവാൻ ലക്ഷ്യമിട്ടിട്ടുള്ളതെന്ന് അറിയിക്കാമോ;

(ഡി) പട്ടികജാതി-പട്ടികവർഗ്ഗ ഹോസ്റ്റലുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിതിനുശേഷം അവയുടെ പ്രവർത്തന രീതിയും പുരോഗതിയും വിലയിരുത്തിയിട്ടുണ്ടോ;

(ഇ) എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

**<u>ഉത്തരം :</u>**

**ഡോ. എം. എ. കുട്ടപ്പൻ (പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി ) :-**

(എ) ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ബാധകമല്ല.

(സി) പട്ടികജാതിക്ഷേമത്തിനായി ഈ സാംപത്തിക വർഷം വിവിധ ശീർഷകങ്ങളിലായി 536.5 കോടിയുടെ പ്രവർത്തനങ്ങളാണ് നടത്തുവാൻ ലക്ഷ്യമിട്ടുട്ടുള്ളത്.

2002–2003–ൽ പട്ടികവർഗ്ഗ ക്ഷേമത്തിനു 8500 ലക്ഷം രൂപയുടെ പ്രവർത്തനമാണ് ലക്ഷ്യമിട്ടിരിക്കുന്നത്. കേന്ദ്രസഹായം ഉൾപ്പെടെ പട്ടികവർഗ്ഗ വികസനത്തിനു 9834.26 ലക്ഷം രൂപയാണ് പദ്ധതിയതര സ്കീമുകൾക്ക് 1394.45 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

(ഡി) യും (ഇ) യും പട്ടികവർഗ്ഗ ഹോസ്റ്റലുകൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കു കൈമാറിയിട്ടില്ല.

പട്ടികജാതി ഹോസ്റ്റലുകളുടെ പ്രവർത്തനം തൃപ്തികരമല്ല എന്ന് കരുതുന്നു.

**<u>തിരമാലയിൽ നിന്നും വൈദ്യുതി ഉൽപാദിപ്പിക്കുന്നതിനുള്ള പദ്ധതി</u>**

40. ശ്രീ. സി. മൊയിൻകുട്ടി :
ശ്രീ. ടി. പി. എം. സാഹിർ :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. യു. സി. രാമൻ :
ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരമാലയിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനുള്ള പദ്ധതിയുടെ പണി പൂർത്തിയാക്കിക്കഴിഞ്ഞോ;

(ബി) അതിന്റെ പ്രവർത്തനഫലമായി വൈദ്യുതി ഉൽപ്പാദനം നടത്തുന്നുണ്ടോ;

(സി) എങ്കിൽ അതിൽനിന്നും എത്ര കിലോവാട്ട് വൈദ്യുതി ലഭിക്കുന്നു;

(ഡി) ഉൽപ്പാദനം തുടങ്ങിയിട്ടില്ലെങ്കിൽ എന്നത്തേക്ക് ഉൽപ്പാദനം തുടങ്ങാൻ സാധിക്കുമെന്നാണ് കരുതുന്നതെന്ന് വ്യക്തമാക്കുമോ?

**<u>ഉത്തരം :</u>**

**ശ്രീ. കടവൂർ ശിവദാസൻ (വിദ്യുച്ഛക്തി വകുപ്പുമന്ത്രി ) :-**

(എ) പൂർത്തിയായി കഴിഞ്ഞു.

(ബി) വൈദ്യുതി ഉൽപ്പാദനം നടത്തുന്നുണ്ടായിരുന്നു. എന്നാൽ ഡീസലിനേഷൻ പ്ളാന്റ് പ്രവർത്തിപ്പിക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ നടക്കുന്നതിനാൽ ഇപ്പോൾ പദ്ധതി പ്രവർത്തന സജ്ജമല്ല.

(സി) ഈ പദ്ധതിയിൽ നിന്നും 80 കിലോവാട്ട് വരെ പീക്ക് പവറും, ശരാശരി 10 കിലോ വാട്ട് വൈദ്യുതിയും ഉൽപ്പാദിപ്പിക്കുവാൻ സാധിക്കും.

(ഡി) 20 സെപ്തംബർ മാസത്തോടുകൂടി പദ്ധതിയുടെ പ്രവർത്തനം പുനരാരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**<u>സമ്പാദ്യ സമാശ്വാസ പദ്ധതി</u>**

41. ശ്രീ. വി. ബാലറാം:
ശ്രീ. ടി.വി. ചന്ദ്രമോഹൻ:
ശ്രീ. എൻ. ശക്തൻ:
ശ്രീ. ടി. എച്ച്. മുസ്തഫ:
ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ: താഴെകാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികളുടെ സമാശ്വാസ പദ്ധതി ഇപ്പോൾ നിലവിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതിയിൽ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ;

(സി) എങ്കിൽ എന്തെല്ലാം മാറ്റങ്ങളാണ് വരുത്തിയതെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ മാറ്റങ്ങൾമൂലം മത്സ്യത്തൊഴിലാളികൾക്ക് കൂടുതൽ ആനുകൂല്യം ലഭ്യമാകുമെന്ന് സർക്കാർ കരുതുന്നുണ്ടോ?

**<u>ഉത്തരം</u>**

**പ്രൊ. കെ.വി. തോമസ് (ഫീഷറീസും വിനോദസഞ്ചാരവും വകുപ്പു മന്ത്രി):-**

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) പുതുക്കിയ രീതിയനുസരിച്ച് 2000–01 വർഷം മുതൽ ജൂലായ് മുതൽ ഫെബ്രുവരി വരെയുള്ള 8 മാസങ്ങളിൽ പ്രതിമാസം 75/– രൂപ നിരക്കിൽ 600/– രൂപ മത്സ്യത്തൊഴിലാളികളിൽ നിന്ന് വിഹിതമായി ശേഖരിക്കുന്നു. ഈ വിഹിതത്തോടൊപ്പം

കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ വിഹിതമായ 600/- രൂപ കൂടി ചേർത്ത് ഒരാൾക്ക് 1200/- രൂപ സമാഹരിക്കുന്നു. ഈ തുക പഞ്ഞമാസങ്ങളിൽ (മാർച്ച് മുതൽ ജൂൺവരെ) 4 തവണകളായി പ്രതിമാസം 300 /- രൂപ വീതം ഓരോ അംഗത്തിനും തിരികെ നൽകുന്നു.

2000-01 വർഷം മുതൽ ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്കും ഈ പദ്ധതി നടപ്പിലാക്കിവരുന്നു. ഈ പദ്ധതി പ്രകാരം സെപ്റ്റംബർ മുതൽ മെയ് വരെയുള്ള 9 മാസങ്ങളിൽ പ്രതിമാസം 50/- രൂപ നിരക്കിൽ 450/- രൂപ മത്സ്യത്തൊഴിലാളി വിഹിതമായി ശേഖരിക്കുന്നു. ഈ വിഹിതത്തിന്റെ കൂടെ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വിഹിതമായ 450/- രൂപ കുടിചേർത്ത് ഒരാൾക്ക് 900/- രൂപ സമാഹരിക്കുന്നു. ഈ തുക പഞ്ഞമാസങ്ങളിൽ (ജൂൺ, ജൂലായ്, ആഗസ്റ്റ്) പ്രതിമാസം 300/- രൂപ നിരക്കിൽ ഓരോ അംഗത്തിനും തിരികെ നൽകുന്നു.

(ഡി) ഉണ്ട്.

## സംസ്ഥാന സർക്കാരും കേന്ദ്ര സർക്കാരുമായി ഒപ്പുവച്ച ധാരണാപത്രം

42. ശ്രീ. എം. കുമാരൻ:
ശ്രീ. കെ.പി. രാജേന്ദ്രൻ:
ശ്രീ. എൻ. രാജൻ: താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരുമായി വൈദ്യുതി സംബന്ധിച്ച് ഒപ്പുവച്ച ധാരണാപത്രം അനുസരിച്ച് സംസ്ഥാന വൈദ്യുതി ബോർഡിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം?

(ബി) പ്രസ്തുത എം.ഒ.യു. പ്രകാരം വൈദ്യുതി ബോർഡിന് കേന്ദ്രത്തിൽ നിന്ന് ലഭിക്കുന്ന സഹായങ്ങൾ എന്തെല്ലാം;

(സി) വൈദ്യുതി നിരക്കുമായി ബന്ധപ്പെട്ട് പുന:ക്രമീകരണ നടപടികൾ, താരിഫ് പുതുക്കൽ എന്നിവയിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ഡി) സംസ്ഥാന ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ രൂപീകരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ഇ) എസ്.ഇ.ആർ.സി.യുടെ അധികാരങ്ങൾ, പ്രവർത്തനമേഖല എന്നിവ വിശദീകരിക്കാമോ?

**ഉത്തരം**

**ശ്രീ. കടവൂർ ശിവദാസൻ (വിദ്യുച്ഛക്തി വകുപ്പു മന്ത്രി):-**

(എ) അനുബന്ധമായി ചേർത്തിട്ടുണ്ട്.

(ബി) എം.ഒ.യു പ്രകാരം കേന്ദ്രത്തിൽ നിന്ന് ആക്സിലറേറ്റഡ് പവർ ഡവലപ്മെന്റ് പ്രോഗ്രാം അനുസരിച്ച് ധനസഹായം ലഭിച്ചു തുടങ്ങിയിട്ടില്ല.

(സി)യും (ഡി)യും

സംസ്ഥാന ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷൻ ചെയർ പേഴ്സൺ, അംഗങ്ങൾ എന്നിവരെ തെരഞ്ഞെടുക്കന്നതിന് ഒരു സെലക്ഷൻ കമ്മിറ്റി രൂപീകരിക്കുകയും 2002 ഏപ്രിൽ 15 അവസാന തീയതി വച്ച് അപേക്ഷകൾ ക്ഷണിക്കുകയും ചെയ്തുകഴിഞ്ഞു. അപേക്ഷകൾ സെലക്ഷൻ കമ്മിറ്റിയുടെ പരിഗണനയിലാണ്.

(ഇ)

(1) വൈദ്യുതി വിതരണത്തിന്റെ താരിഫ് നിശ്ചയിക്കൽ.

(2) മൊത്തമായുള്ള വൈദ്യുതി വിൽക്കുന്നതിനുള്ള വില നിശ്ചയിക്കൽ.

(3) പ്രസരണത്തിന് ഈടാക്കേണ്ട ചാർജ്ജ് നിശ്ചയിക്കൽ.

(4) വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന സ്വതന്ത്ര യൂണിറ്റുകളിൽ നിന്ന് വൈദ്യുതി വാങ്ങുന്നതിനുള്ള നിരക്ക് നിശ്ചയിക്കൽ എന്നിവ ടി കമ്മിഷന്റെ പ്രവർത്തനമേഖലയിലും അധികാരത്തിലും പെട്ടതായിരിക്കും എന്ന് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ ആക്ടിലെ (കേന്ദ്ര നിയമം) സെക്ഷൻ 22-ൽ നിഷ്ക്കർഷിച്ചിട്ടുണ്ട്.

## വിനോദസഞ്ചാര രംഗത്ത് വൈദ്യുതി ബോർഡിന്റെ പ്രവർത്തനം

43. ശ്രീ. എൻ. ശക്തൻ:
ശ്രീ. വി. ബാലറാം:
ശ്രീ. ടി.എച്ച്. മുസ്തഫ:
ശ്രീ. ടി.വി. ചന്ദ്രമോഹൻ:

ശ്രീ. അടൂർ പ്രകാശ്: താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര രംഗത്ത് പ്രവർത്തിക്കുവാൻ സംസ്ഥാന വിദ്യുച്ഛക്തി ബോർഡ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇൻഡ്യൻ ഇലക്ട്രിസിറ്റി ആക്ട് അനുസരിച്ചോ, ഇലക്ട്രിസിറ്റി (സപ്ലൈ) ആക്ടനുസരിച്ചോ വൈദ്യുതിയുടെ ഉൽപ്പാദനം, ട്രാൻസ്മിഷൻ, വിതരണം എന്നീ രംഗങ്ങളിലല്ലാതെ മറ്റു ബിസിനസ് രംഗത്ത് പ്രവർത്തിക്കുവാൻ വൈദ്യുതി ബോർഡിന് അധികാരമോ അവകാശമോ ഉണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

**<u>ഉത്തരം</u>**

**ശ്രീ. കടവൂർ ശിവദാസൻ (വിദ്യുച്ഛക്തി വകുപ്പു മന്ത്രി):-**

(എ) ഉണ്ട്.

(ബി) 1910-ലെ ഇൻഡ്യൻ ഇലക്ട്രിസിറ്റി ആക്ടും 1948-ലെ ഇലക്ട്രിസിറ്റി സപ്ളൈ ആക്ടും പ്രധാനമായും വൈദ്യുതിയുടെ ഉൽപ്പാദനം, പ്രസരണം, വിതരണം എന്നിവ നിന്ത്രിക്കുന്നതിനുവേണ്ടി പുറപ്പെടുവിച്ച നിയമങ്ങൾ ആണെങ്കിലും വൈദ്യുതി ബോർഡിന്റെ വസ്തുവകകൾ ലാഭകരമായി വിനിയോഗിക്കുന്നതിനെ വിലക്കിയിട്ടില്ല. മറിച്ച്, 1960-ൽ പുറപ്പെടുവിച്ച കെ.എസ്.ഇ.ബി അഡ്മിനിസ്ട്രേഷൻ ഓഫ് ഫണ്ട്സ് ആന്റ് പ്രോപ്പർട്ടീസ് റഗുലേഷൻ അനുസരിച്ച് ബോർഡിന്റെ വസ്തുവകകൾ ലാഭകരമായ രീതിയിൽ വിനിയോഗിക്കണമെന്നും പരിപാലിക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ബോർഡിന്റെ ജലസംഭരണി പ്രദേശങ്ങളിൽ ഹൈഡൽ ടൂറിസം വികസിപ്പിക്കുന്നതിനുവേണ്ടി 1.12.99-ൽ നം.റ്റി. 1911/99 ആയി ട്രാവൻകൂർ കൊച്ചിൻ ലിറ്റററി സയന്റിഫിക് ആന്റ് ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് ആനുസരിച്ച് രജിസ്റ്റർ ചെയ്ത കേരള ഹൈഡൽ ടൂറിസം സെന്റർ എന്ന പേരിലുള്ള ഒരു പ്രത്യേക സൊസൈറ്റി ആണ് വിനോദസഞ്ചാര രംഗത്ത് പ്രവർത്തനത്തിൽ ഏർപ്പെടുത്തിയിട്ടുള്ളത്.

**<u>കടൽക്കൊള്ളക്കാരിൽനിന്നും മത്സ്യത്തൊഴിലാളികളെ രക്ഷിക്കാൻ നടപടി</u>**

44. ശ്രീ. കെ.എൻ.എ. ഖാദർ:
ശ്രീ. സി. മമ്മൂട്ടി:
ശ്രീ. യു.സി. രാമൻ:
ശ്രീ. സി. മോയിൻകുട്ടി:
ശ്രീ. പി.കെ.കെ. ബാവ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദ സഞ്ചാരവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധനത്തിന് ബോട്ടിൽ പോകുന്ന മത്സ്യത്തൊഴിലാളികളെ കടൽക്കൊള്ളക്കാർ മർദ്ദിച്ച് അവരുടെ മത്സ്യസമ്പത്തുകൾ കവർന്ന് കൊണ്ടുപോകുന്നതായി പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവരുടെ ഉപദ്രവംമൂലം കടലിൽ പോകാൻ കഴിയാത്ത സാഹചര്യത്തിൽ മത്സ്യത്തൊഴിലാളി കുടുംബങ്ങൾ പട്ടിണിയിലായതായി പരാതി കിട്ടിയിട്ടുണ്ടോ;

(സി) കടർക്കൊള്ളക്കാരുടെ ഉപദ്രവത്തിൽ നിന്നും മത്സ്യത്തൊഴിലാളികൾക്ക് രക്ഷ നൽകുന്നതിന് എന്തു നടപടികളാണ് സ്വീകരിച്ചു വരുന്നത് എന്ന് വ്യക്തമാക്കുമോ?

**<u>ഉത്തരം</u>**

**പ്രൊ. കെ.വി. തോമസ് (ഫീഷറീസും വിനോദസഞ്ചാരവും വകുപ്പു മന്ത്രി):-**

(എ) ഇല്ല.

(ബി) ഇല്ല.

(സി) നടപടി ആവശ്യമായി വന്നിട്ടില്ല.

**<u>പട്ടികജാതി-പട്ടികവർഗ്ഗ വികസനത്തിന് നീക്കിവച്ച തുക</u>**

45. ശ്രീ. കെ. ബാബു:
ശ്രീമതി. മാലേത്ത് സരളാദേവി:
ശ്രീ. ജോർജ് ജെ. മാത്യു:
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:
ശ്രീ. പി.ടി. തോമസ്: താഴെകാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക-സമുദായ ക്ഷേമ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം പട്ടികജാതി-പട്ടികവർഗ്ഗ വികസനത്തിന് എന്തു തുക നീക്കി വച്ചിട്ടുണ്ട്;

(ബി) അതിൽ ത്രിതല പഞ്ചായത്തുകൾ വഴി ചെലവഴിക്കുന്ന തുക എത്രയാണ്;

(സി) പട്ടികജാതി-പട്ടിക വർഗ്ഗ വികസനത്തിനനുവദിക്കുന്ന തുക ത്രിതല പഞ്ചായത്തുകൾ അതിനുവേണ്ടിത്തന്നെ ചിലവഴിക്കുന്നുണ്ടോ എന്ന് ഉറപ്പു വരുത്താനുള്ള മാർഗ്ഗങ്ങളെന്തെല്ലാമാണ്;

(ഡി) ഇത് ഫലപ്രദമാണെന്ന് കരുതുന്നുണ്ടോ;

(ഇ) ഈ വർഷം ത്രിതല പഞ്ചായത്തുകൾ ഈ ഇനത്തിലുള്ള എന്തു തുക വകമാറി ചെലവു ചെയ്തു എന്ന് വ്യക്തമാക്കുമോ;

(എഫ്) പട്ടികജാതി-പട്ടികവർഗ്ഗ വികസനത്തിനുള്ള തുക വകമാറ്റി ചെലവു ചെയ്യുന്നത് കുറ്റകരമാക്കുവാനുദ്ദേശമുണ്ടോ?

**ഉത്തരം**

**ഡോ. എം.എ. കുട്ടപ്പൻ (പിന്നോക്ക പട്ടിക സമുദായക്ഷേമ വകുപ്പു മന്ത്രി):-**

(എ) ഈ വർഷം പട്ടികജാതിക്കാരുടെ ക്ഷേമത്തിനായി മൊത്തം 536.50 കോടി രൂപ പദ്ധതിയിനത്തിൽ നീക്കിവച്ചിട്ടുണ്ട്.

പട്ടികവർഗ്ഗ വികസനത്തിനായി കേന്ദ്രസഹായം ഉൾപ്പെടെ മൊത്തം 9834.26 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിനുപുറമേ പദ്ധതിയിതരസ്കീമുകളുടെ നടത്തിപ്പിനായി 1394.45 ലക്ഷംരൂപയും വകയിരുത്തിയിട്ടുണ്ട്.

(ബി) ത്രിതല പഞ്ചായത്തുകളിലൂടെ ഗ്രാന്റ് ഇൻ-എയ്ഡ് ഇനത്തിൽ പട്ടികജാതി വികസനത്തിന് 268.50 കോടി രൂപയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ പദ്ധതിപ്രകാരം 7.05 കോടി രൂപയും ചെലവഴിക്കുവാൻ ഉദ്ദേശിക്കുന്നു.

2001-2002 വർഷം മുതൽ പട്ടിക വർഗ്ഗ ഉപപദ്ധതി ഫണ്ട് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കു നൽകുന്നില്ല.

(സി) പട്ടികവിഭാഗങ്ങൾക്ക് അനുവദിച്ചിട്ടുള്ള തുക ത്രിതല പഞ്ചായത്തുകൾ അതിനുവേണ്ടിതന്നെ ചെലവഴിക്കുന്നു എന്നു ഉറപ്പു വരുത്തുവാൻ താഴെ പറയുന്ന മാർഗ്ഗങ്ങൾ അവലംബിച്ചിട്ടുണ്ട്.

1. പദ്ധതി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും അവ യാഥാവിധി നടപ്പിലാക്കുന്നു എന്ന് ഉറപ്പു വരുത്തുവാനും എല്ലാ ജില്ലകളിലും പട്ടികജാതി പട്ടികവർഗ്ഗ വികസന സമിതികൾ നിലവിലുണ്ട്. പട്ടികവർഗ്ഗ സങ്കേതങ്ങളിൽ ഊരുകൂട്ടങ്ങളും രൂപീകരിച്ചിട്ടുണ്ട്.

2. തുക ചെലവഴിക്കുന്നതു സംബന്ധിച്ച് സർക്കാർ മാർഗ്ഗ രേഖകൾ 18.9.2001-ലെ സ.ഉ(അച്ചടിച്ചത്) 38/01/പ്ലാനിംഗ് നംപർ ഉത്തരവിന്റെ ഭാഗമായി ഇപ്പോൾ നിലവിലുണ്ട്.

(ഡി) ഉണ്ട്.

(ഇ) തുക വകമാറി ചെലവു ചെയ്തതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(എഫ്) പട്ടികജാതി പട്ടികവർഗ്ഗ വികസനത്തിനുള്ള തുക വകമാറ്റുന്നത് മാർഗ്ഗ നിർദ്ദേശപ്രകാരം ഇപ്പോൾ തന്നെ കുറ്റകരമാണ്.

## മത്സ്യ മേഖലയുടെ വികസനത്തിനായുള്ള പുതിയ പദ്ധതി

46. ശ്രീ. തോമസ് ചാഴികാടൻ:
ശ്രീ. റോഷി അഗസ്റ്റിൻ:
ശ്രീ. കെ. നാരായണക്കുറുപ്പ്: താഴെകാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യമേഖലയുടെ വികസനം ലക്ഷ്യമാക്കി പുതുതായി എന്തെങ്കിലും പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ഈ പദ്ധതിയുടെ വിശദാംശങ്ങൾ എന്തൊക്കെയാണെന്നും എന്തു തുക ഈ പദ്ധതിയ്ക്ക് വേണ്ടി വരുമെന്നും വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്ത് അലങ്കാര മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വിശദീകരിക്കാമോ?

**ഉത്തരം**

**പ്രൊ. കെ.വി. തോമസ് (ഫീഷറീസും വിനോദസഞ്ചാരവും വകുപ്പു മന്ത്രി):-**

(എ) ഉണ്ട്.

(ബി) പുതിയ പദ്ധതികൾ താഴെ പറയുന്നവയാണ്.

1. <u>സംസ്കരണത്തിനുമുൻപുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള സഹായം</u>

കേരളത്തിലെ മുന്നൂറിലധികം വരുന്ന പ്രി പ്രോസസിംഗ് കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക, ശുചിത്വം ഉറപ്പാക്കുക എന്നിവയാണ് ഈ പദ്ധതി പ്രകാരം ഉദ്ദേശിക്കുന്നത്. 2002–2003 ൽ 90 ലക്ഷം രൂപ ഇതിനായി വകയിരുത്തിയിട്ടുണ്ട്.

2. മണ്ണെണ്ണ വിതരണം

ഔട്ട് ബോർഡ് മോട്ടോറുകളിൽ ഉപയോഗിക്കുന്ന മണ്ണെണ്ണയുടെ ലഭ്യതയുടെ കുറവ് പരിഹരിക്കുന്നതിനുവേണ്ടി ലാഭമോ നഷ്ടമോ നോക്കാതെ മത്സ്യഫെഡ് മുഖേന പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് മണ്ണെണ്ണ വിതരണം ചെയ്യുവാനാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. 2002–2003ൽ ഇതിനായി 20 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

3. മത്സ്യത്തൊഴിലാളി സ്ത്രീകൾക്കുള്ള സ്വയം സഹായ പദ്ധതി

മത്സ്യബന്ധന മേഖലയിലും അനുബന്ധ മേഖലയിലും തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഇതിനായി രൂപീകരിച്ചിട്ടുള്ള ജില്ലാതല വനിതാ ബാങ്കുകളുടെ മേൽനോട്ടത്തിൽ അടിസ്ഥാന സൗകര്യങ്ങൾ ഡിപ്പാർട്ടുമെന്റ് ഏർപ്പെടുത്തുന്നതാണ്. ഇതിനായി നടപ്പുവർഷം 20 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

4. മുത്തുച്ചിപ്പി കൃഷിയും ഞണ്ടു വളർത്തലും

മുത്തുച്ചിപ്പി, ഞണ്ട് മുതലായവയുടെ ആദായകരമായ കൃഷി കൃഷിപ്പാടത്തേയ്ക്ക് വ്യപിപ്പിക്കുകയാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. ഇതിനായി നടപ്പുവർഷം 5 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

5. തൃശ്ശൂരിലെ കോൾ നിലങ്ങളിലേയും കുട്ടനാട്ടിലെ നെൽപ്പാടങ്ങളിലേയും സംയോജിത മത്സ്യകൃഷി

തൃശൂരിലേയും മലപ്പുറത്തേയും വെള്ളക്കെട്ടുള്ള കോൾ നിലങ്ങളും കുട്ടനാട്ടിലെ നെൽപ്പാടങ്ങളും കൊയ്ത്ത് കഴിഞ്ഞ് അടുത്ത വിത്ത് വിതയ്ക്കുന്നതുവരെ തരിശായി കിടക്കുന്നത് ഒഴിവാക്കാൻവേണ്ടി അവിടങ്ങളിൽ ചെമ്മീൻ കൃഷി നടത്താനാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. പാടങ്ങളുടെ വികസനം, ഹാച്ചറികൾ സ്ഥാപിക്കൽ, കൃഷിക്കാവശ്യമായ പരിശീലനസഹായം, രോഗപ്രതിരോധ പരിപാടികൾ തുടങ്ങിയവയും ഈ പദ്ധതിയിൽ ഉൾപ്പെടുന്നു. ഇതിനായി 2002–2003 ൽ 80 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

6. ഇടത്തരം വള്ളങ്ങളുടെ അവതരണം (75% കേന്ദ്രസഹായം)

എഫ്. ആർ.പി. ഫെറോസിമന്റ് എന്നിവ ഉപയോഗിച്ച് നിർമ്മിച്ചതും 12 മുതൽ 15 മീറ്റർ വരെ നീളമുള്ളതും 80 ഹോഴ്സ് പവറിൽ താഴെയുള്ള എൻജിനുകൾ ഘടിപ്പിച്ചിട്ടുള്ളതുമായ നോൺ ട്രോളർ ടൈപ്പ് വള്ളങ്ങൾ രംഗത്തിറക്കുക എന്നതാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. നടപ്പുവർഷം ഇതിനായി 20 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

7. നൈലോൺ നെറ്റ് ഫാക്ടറി (വിദേശ സഹായ പദ്ധതി)

കേരളത്തിന് ഒരു വർഷം 2250 ടൺ വല ആവശ്യമാണ്. 400 ടൺ മാത്രമേ എറണാകുളത്ത് സ്ഥാപിക്കപ്പെട്ട ഫാക്ടറിക്കുൽപ്പാദിപ്പിക്കാൻ കഴിയൂ. ആയതിനാൽ ജപ്പാൻ സഹായത്തോടെ എറണാകുളത്തെ ഫാക്ടറി വിപുലീകരിക്കുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ പദ്ധതി. നടപ്പുവർഷം ഇതിനായി 5 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

8. മത്സ്യത്തൊഴിലാളി വനിതകൾക്കുള്ള സംപാദ്യ സമാശ്വാസ പദ്ധതി (50% കേന്ദ്ര സഹായം)

നേരത്തെ നടപ്പിലാക്കിയിരുന്ന മത്സ്യത്തൊഴിലാളികൾക്കുള്ള സംപാദ്യ സമാശ്വാസ പദ്ധതിയിൻ കീഴിൽ 2002–03 മുതൽ മത്സ്യത്തൊഴിലാളി സ്ത്രീകളെക്കൂടി ഉൾപ്പെടുത്താൻ നിർദ്ദേശിച്ചിരുന്നു. 2002–03 ൽ ഈ പദ്ധതിയിൽ 750 ലക്ഷം രൂപ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

9. തീരദേശ സാമൂഹ്യ സൗകര്യങ്ങളുടെ വികസനം

വീടുകൾ, കക്കൂസുകൾ എന്നിവയുടെ നിർമ്മാണവും നവീകരണവും കുടിവെള്ള വിതരണവും റോഡുകളുടെ നിർമ്മാണവും ഉൾക്കൊള്ളുന്നതും 500 കോടി രൂപ ചെലവു കണക്കാക്കിയിട്ടുള്ളതുമായ ഒരു പുതിയ സാമൂഹിക അടിസ്ഥാന സൗകര്യങ്ങളുടെ പദ്ധതി നടപ്പിലാക്കുന്നതിനും പരിപാടിയുണ്ട്. ഇതിലേക്കായി നടപ്പുവർഷം 10 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

10. സംയോജിത മത്സ്യ വികസന പദ്ധതി (100% എൻ.സി.ഡി.സി. ധന സഹായം)

പരംപരാഗത മത്സ്യത്തൊഴിലാളികളുടെ സമഗ്രവികസനം ലക്ഷ്യമാക്കി കൊണ്ടുള്ള ഒരു പദ്ധതിയാണിത്. ഈ പദ്ധതിയിൽ പ്രധാനമായും മത്സ്യ വിപണനത്തിനുള്ള അടിസ്ഥാന വികസനത്തിനാണ് പ്രാമുഖ്യം നൽകിയിട്ടുള്ളത്. കൂടാതെ മുൻകാലങ്ങളിൽ നൽകിയിട്ടുള്ള മത്സ്യബന്ധനോപകരണങ്ങൾ റീപ്ളെയിഡ് ചെയ്യുന്നതിനും പ്രാധാന്യം കൊടുക്കുന്നു. 2002–03 ലെ ചെലവുകൾക്കായി 3001 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

കുടിവെള്ളവും സാനിട്ടേഷനുമായുള്ള പ്രത്യേക കേന്ദ്ര സഹായ പദ്ധതി

15 കോടി രൂപ ചെലവിൽ മത്സ്യത്തൊഴിലാളി ഗ്രാമങ്ങളിൽ കുടിവെള്ള വിതരണം, കമ്മ്യൂണിറ്റി സാനിട്ടേഷൻ തുടങ്ങിയ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനും ഉദ്ദേശമുണ്ട്.

(സി) സംസ്ഥാനത്ത് അലങ്കാര മത്സ്യകൃഷി സംബന്ധിച്ച് ബോധവൽക്കരണം, പ്രോൽസാഹനം എന്നിവ ലക്ഷ്യമാക്കി മത്സ്യ വകുപ്പ് അലങ്കാര മത്സ്യകൃഷി പ്രദർശനം നടത്തിവരുന്നുണ്ട്. മുൻവർഷങ്ങളിൽ ഇപ്രകാരം തിരുവനന്തപുരം, കോഴിക്കോട്, എറണാകുളം എന്നിവിടങ്ങളിൽ പ്രദർശനം സംഘടിപ്പിച്ചിരുന്നു. ഇത് തുടർന്നും നടത്തുവാൻ പരിപാടിയുണ്ട്. മത്സ്യഫെഡ് സ്ത്രീകൾക്ക് സ്വയംതൊഴിൽ പദ്ധതിക്കായി അലങ്കാര മത്സ്യങ്ങളുടെ കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിന് ധനസഹായവും പരിശീലനവും നൽകി വരുന്നുണ്ട്. ഫിഷറീസ് റിസോഴ്സ് മാനേജ്മെന്റ് സൊസൈറ്റിയും, മത്സ്യഫെഡും, അലങ്കാര മത്സ്യകൃഷിക്കായി പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്.

## <u>വൈദ്യുതി ബോർഡ് നടപ്പാക്കുന്ന വിനോദ സഞ്ചാര പദ്ധതികൾ</u>

47. ശ്രീ. പി.ജെ. ജോയി:
പ്രൊഫസർ എ.ഡി. മുസ്തഫ:
ശ്രീ. എ. സുജനപാൽ:
ശ്രീമതി. മാലേത്ത് സരളാദേവി:
ശ്രീ. പി.പി. ജോർജ്: താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി ബോർഡ് നടപ്പാക്കുന്ന വിനോദസഞ്ചാര പദ്ധതികളിൽ സ്വകാര്യ മേഖലയ്ക്ക് പങ്കാളിത്തം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(സി)വൈദ്യുതി ബോർഡിന്റെ ഡാമുകളിലും അതിന്റെ സമീപ പ്രദേശങ്ങളിലും വിനോദസഞ്ചാര പദ്ധതികളാരംഭിക്കുവാൻ സ്വകാര്യ മേഖലയെ അനുവദിക്കുമോ;

(ഡി) എങ്കിൽ വിശദാംശം നൽകുമോ?

<u>**ഉത്തരം**</u>

**ശ്രീ. കടവൂർ ശിവദാസൻ (വിദ്യുച്ഛക്തി വകുപ്പു മന്ത്രി):-**

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി) പ്രസക്തമല്ല

(സി) ഡാമുകളുടേയും അവയോടനുബന്ധിച്ചുള്ള മറ്റു മർമ്മ പ്രധാനമായ സ്ഥാപനങ്ങളായ പവർ ഹൗസ്, സബ് സ്റ്റേഷൻ, വാൽവ് ഹൗസ്, ഡാം ഇൻടേക്ക് തുടങ്ങിയവയുടേയും സംരക്ഷണത്തെ മുൻനിർത്തി സ്വകാര്യ ഏജൻസികൾക്ക് ജലസംഭരണികളിൽ പ്രവർത്തനം അനുവദിക്കാൻ നിർവാഹമില്ല.

(ഡി) പ്രസക്തമല്ല.

## <u>വിനോദസഞ്ചാര മേഖലയിലെ സ്വകാര്യ പങ്കാളിത്തം</u>

48. ശ്രീ. വി. ചെന്താമരാക്ഷൻ:
ശ്രീ. ടി.കെ. ബാലൻ:
ശ്രീ.പിരപ്പൻകോട് മുരളി:
ശ്രീ. സാജുപോൾ: താഴെകാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദ സഞ്ചാരവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര മേഖലയിലെ സ്വകാര്യ പങ്കാളിത്തം സർക്കാർ നയമായി അംഗീകരിച്ചിട്ടുണ്ടോ:

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം മേഖലകളിലാണ് സ്വകാര്യ പങ്കാളിത്തത്തിന് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) വിനോദസഞ്ചാരമേഖലയിലെ ഏതെല്ലാം സ്ഥാപനങ്ങളാണ് സ്വകാര്യ സ്ഥാപനങ്ങൾക്ക് കൈമാറാൻ തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) വളരെയധികം വികസന സാദ്ധ്യതയുള്ള ടൂറിസം മേഖലയുടെ സ്വകാര്യവല്ക്കരണ നടപടിയിൽ നിന്നും സർക്കാർ പിൻമാറുമോ?

<u>**ഉത്തരം**</u>

**പ്രൊ. കെ.വി. തോമസ് (ഫീഷറീസും വിനോദസഞ്ചാരവും വകുപ്പു മന്ത്രി):-**

(എ) ഉണ്ട്.

(ബി) ടൂറിസം വികസനത്തിന് ആവശ്യമായ ഹോട്ടലുകൾ അടക്കമുള്ള അടിസ്ഥാന സൗകര്യ വിപുലീകരണത്തിനാണ് സ്വകാര്യപങ്കാളിത്തം ആവശ്യമുള്ളത്.

(സി) ഒരു സ്ഥാപനവും കൈമാറാൻ തീരുമാനിച്ചിട്ടില്ല.

(ഡി) ബാധകമല്ല.

## കടൽജലം ശുദ്ധീകരിച്ച് കുടിവെള്ളമുണ്ടാക്കുന്ന പദ്ധതി

49. ശ്രീ. തോമസ് ഉണ്ണിയാടൻ:
ശ്രീ. സ്റ്റീഫൻ ജോർജ്:
ശ്രീ. ജോസഫ് എം. പുതുശ്ശേരി:
ശ്രീ. മാമ്മൻ മത്തായി: : താഴെകാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കടൽജലം ശുദ്ധീകരിച്ച് കുടിവെള്ളമുണ്ടാക്കുന്നതിനുള്ള പദ്ധതി സംസ്ഥാനത്ത് നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നും, ആദ്യ പദ്ധതി എവിടെ സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം ഏജൻസികളെയാണ് ഈ പദ്ധതി നടപ്പിലാക്കാൻ ഏർപ്പെടുത്തിയിട്ടുള്ളതെന്നും, ഇതിന് എന്ത് തുക ചെലവു വരുമെന്നും അറിയിക്കാമോ;

(സി) സാമ്പത്തിക ചെലവു വളരെ കുറവുള്ളതും, മറ്റ് സംസ്ഥാനങ്ങളിലും വിദേശ രാജ്യങ്ങളിലും വിജയകരമായി നടപ്പാക്കിയതുമായ പ്രസ്തുത പദ്ധതി നമ്മുടെ സംസ്ഥാനത്ത് എവിടെയെല്ലാമാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) കുടിവെള്ളക്ഷാമം രൂക്ഷമായ കടലോര പ്രദേശങ്ങളിൽ ഈ പദ്ധതി നടപ്പിലാക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

**ശ്രീ. ടി.എം. ജേക്കബ് (ജലവിഭവ വകുപ്പു മന്ത്രി):-**

(എ) എറണാകുളം ജില്ലയിലെ വൈപ്പിൻ പ്രദേശത്ത് ഇപ്രകാരം ഒരു പദ്ധതി നടപ്പാക്കാൻ ആലോചനയുണ്ട്.

(ബി) രാജീവ് ഗാന്ധി നാഷണൽ ഡ്രിങ്കിംഗ് വാട്ടർ മിഷന്റെ പൂർണ്ണ ധനസഹായത്തോടെ ഒരു പൈലറ്റ് പദ്ധതിയായി കേരള റൂറൽ വാട്ടർ സപ്ലൈ ഏജൻസി മുഖാന്തിരം ഈ പദ്ധതി നടപ്പാക്കുന്നതിനാണ് ഇപ്പോൾ ആലോചനയുള്ളത്. 14.34 കോടി രൂപ മുതൽ മുടക്കാവശ്യമായി വരുമെന്നു കണക്കാക്കിയിട്ടുള്ള ഈ പദ്ധതിയുടെ ആവർത്തനച്ചെലവുകൾ പൂർണ്ണമായും തദ്ദേശപഞ്ചായത്തുകളും ഉപഭോക്താക്കളും നിർവഹിക്കേണ്ടി വരും.

<u>(സി) യും (ഡി)യും</u>

വൈപ്പിനിൽ നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതി പ്രകാരം ശുദ്ധീകരിക്കുന്ന ജലത്തിന് 1000 ലിറ്ററിന് 64.50 രൂപ ചെലവു വരുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. ഇത് വളരെ കൂടുതലാണ്. ഈ പദ്ധതിയ്ക്ക് വലിയ മൂലധനചെലവും ആവർത്തന ചെലവും ഉണ്ടാകുമെന്നാണ് ഇപ്പോൾ ലഭ്യമായ കണക്കുകൾ സൂചിപ്പിക്കുന്നത്. ഇക്കാര്യങ്ങൾ കണക്കിലെടുത്തും ആദ്യം പൈലറ്റ് പ്രോജക്റ്റായി നടപ്പാക്കാനാലോചനയുള്ള വൈപ്പിനിലെ പദ്ധതിയുടെ നടത്തിപ്പിലെ അനുഭവങ്ങളും പ്രശ്നങ്ങളും കണക്കിലെടുത്തും ഈ പദ്ധതി കൂടുതൽ പ്രദേശങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിനാവുമോ എന്ന കാര്യം ആലോചിക്കാവുന്നതാണ്.

## വിദ്യുച്ഛക്തി ബോർഡിന്റെ വായ്പകൾ

50. ശ്രീ. ടി.യു. രാധാകൃഷ്ണൻ:
ശ്രീ. എം. പി. ഗംഗാധരൻ:
ശ്രീ. എ.കെ. മണി:
ശ്രീ. വി.ജെ. പൗലോസ്: : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വൈദ്യുതി ബോർഡ് വായ്പയെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതു സംബന്ധിച്ച് ഏതെല്ലാം ഫൈനാൻസിംഗ് ഏജൻസികളുമായി ചർച്ച നടത്തി;

(സി) ആരിൽ നിന്നെല്ലാമാണ് വായ്പയെടുക്കുന്നത്;

(ഡി) ഇതിന്റെ പരിശയെത്ര; ഇത് അർദ്ധ വാർഷികമായാണോ അതോ വാർഷികമായാണോ നൽകുന്നത്;

(ഇ) പലിശ മുതലിനോടു ചേർക്കുകയാണോ അതോ കരാർ പ്രകാരം വാർഷികാടിസ്ഥാനത്തിലോ അർദ്ധ വാർഷികാടിസ്ഥാനത്തിലോ രൊക്കം നൽകുകയാണോ ചെയ്യുന്നത്;

(എഫ്) ഈ വായ്പയ്ക്ക് സർവ്വീസ് ചാർജ്ജും കമ്മീഷനുമുണ്ടോ; എങ്കിൽ എത്രയെന്നു വെളിപ്പെടുത്തുമോ?

**ഉത്തരം**

**ശ്രീ. കടവൂർ ശിവദാസൻ (വിദ്യുച്ഛക്തി വകുപ്പു മന്ത്രി):-**

(എ) ഉണ്ട്.

(ബി)+(സി)+(ഡി)+(ഇ)+(എഫ്)

റൂറൽ ഇലക്ട്രിഫിക്കേഷൻ കോർപ്പറേഷൻ (ആർ.ഇ.സി), പവർ ഫിനാൻസ് കോർപ്പറേഷൻ (പി.എഫ്.സി), കേരള പവർ ഫിനാൻസ് കോർപ്പറേഷൻ (കെ.പി.എഫ്.സി), ലൈഫ് ഇൻഷുറൻസ് കോർപ്പറേഷൻ (എൽ.ഐ.സി), കൊമേഴ്സ്യൽ ബാങ്കുകൾ, മറ്റ് ധനകാര്യ സ്ഥാപനങ്ങൾ മുതലായവയിൽ നിന്ന് വായ്പ എടുക്കുന്നതിന് അവരുമായി ചർച്ച നടത്തിവരുന്നു. ഇതു സംബന്ധിച്ച ചർച്ചകൾ പൂർത്തിയാകുമ്പോൾ മാത്രമേ പലിശയും മറ്റു കാര്യങ്ങളെ കുറിച്ചും തീരുമാനമാകുകയുള്ളു.

**കേന്ദ്രഗവൺമെന്റിന്റെ പരിഗണനക്കായി സമർപ്പിച്ചിട്ടുള്ള വൈദ്യുതപദ്ധതികൾ**

*51. ശ്രീ. കെ.പി.മോഹനൻ:
ഡോക്ടർ എ. നീലലോഹിതദാസൻ നാടാർ:
ശ്രീ. എ.സി. ഷൺമുഖദാസ്:
ശ്രീ. സി.കെ. നാണു:
ശ്രീ. വി.സി. കബീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഗവൺമെന്റ് നാളിതുവരെ എത്ര വൈദ്യുതപദ്ധതികൾ കേന്ദ്രഗവൺമെന്റിന്റെ പരിഗണനക്കായി സമർപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ എത്ര പദ്ധതികൾക്ക് അനുമതി ലഭിച്ചു; എത്രയെണ്ണം ഉല്പാദനം ആരംഭിച്ചുവെന്ന് വെളിപ്പെടുത്താമോ;

(സി) അനുമതി ലഭിക്കാത്തവ ഏതെല്ലാം; അതിനുള്ള കാരണം വെളിപ്പെടുത്താമോ;

(ഡി) പൂയംകുട്ടി പദ്ധതിയുടെ അനുമതി ലഭിക്കുന്നതു സംബന്ധിച്ച ഇപ്പോഴത്തെ നിലയെന്താണെന്നു വെളിപ്പെടുത്താമോ?

**ഉത്തരം**

**ശ്രീ. കടവൂർ ശിവദാസൻ (വിദ്യുച്ഛക്തി വകുപ്പുമന്ത്രി):-**

(എ) താഴെപ്പറയുന്ന പദ്ധതികളാണ് കേന്ദ്ര പരിസ്ഥിതി വനം മന്ത്രാലയത്തിന്റെ അനുമതിക്കായി സമർപ്പിച്ചിരുന്നത്.

| | | |
|---|---|---|
| 1. | ആതിരപ്പള്ളി പദ്ധതി - | 163 മെ.വാ. |
| 2. | കുറ്റ്യാടി അഡീഷണൽ എക്സ്റ്റൻഷൻ | 100 മെ.വാ. |
| 3. | ചെങ്കുളം ആഗ്മെന്റേഷൻ സ്കീം | 85 മി.യു. |
| 4. | കുര്യാർകുട്ടി-കാരപ്പാറ | 84 മെ.വാ. |
| 5. | കുറ്റ്യാടി ആഗ്മെന്റേഷൻ | 223 മി.യു |
| 6. | ലോവർ മീൻമുടി | 3.5 മെ.വാ. |
| 7. | മാങ്കുളം | 40 മെ.വാ. |
| 8. | പൂയംകുട്ടി | 240 മെ.വാ |
| 9. | സൈലന്റ് വാലി | 240 മെ.വാ |
| 10. | മാനന്തവാടി | 225 മെ.വാ |
| 11. | കേരള ഭവാനി | 150 മെ.വാ |
| 12. | പാം ലാർ | 2 X 15 മെ.വാ |

(ബി) താഴെപ്പറയുന്ന പദ്ധതികൾക്ക് കേന്ദ്രഗവൺമെന്റിന്റെ പരിസ്ഥിതി വനം മന്ത്രാലയത്തിന്റെ അനുമതി ലഭിച്ചിട്ടുണ്ട്.

| | | |
|---|---|---|
| 1. | ആതിരപ്പള്ളി | 163 മെ.വാ |
| 2. | ചെങ്കുളം ആഗ്മെന്റേഷൻ സ്കീം | 85 മി.യു |

3. കുറ്റ്യാടി അഡീഷണൽ എക്സ്റ്റൻഷൻ 100 മെ.വാ
4. ലോവർ മീൻമുടി 3.5 മെ.വാ.

ഇതിൽ ആതിരപ്പള്ളി പദ്ധതി സംബന്ധിച്ച പൊതുതാൽപ്പര്യ ഹർജിയിൽ ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച ഉത്തരവുപ്രകാരം കൂടുതൽ പഠനങ്ങൾ നടന്നുവരികയാണ്. ഒരു പദ്ധതിയിലും ഉതാപ്പാദനം ആരംഭിച്ചിട്ടില്ല.

(സി) വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.

(ഡി) പൂയംകുട്ടി പദ്ധതിയുടെ പരിസ്ഥിതി സംബന്ധമായ പഠനം ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡൻ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് എന്ന സ്ഥാപനം മുഖാന്തിരം നടന്നുകൊണ്ടിരിക്കുകയാണ്. ഇത് ലഭിക്കുന്ന മുറയ്ക്ക് കേന്ദ്രഗവൺമെന്റിന് സമർപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്.

## മൽസ്യ മേഖല വികസന നയം

*52. ഡോക്ടർ തോമസ് ഐസക് :
ശ്രീ. ടി.പി. രാമകൃഷ്ണൻ:
ശ്രീ. കെ.വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ഫിഷറീസ് വകുപ്പ് പുറപ്പെടുവിച്ച " മൽസ്യമേഖല വികസനനയം" ഏതെല്ലാം നിലയിലുള്ള പഠനങ്ങളുടേയും പരിശോധനകളുടേയും അടിസ്ഥാനത്തിലുള്ളതാണെന്ന് വിശദമാക്കാമോ;

(ബി) മൽസ്യമേഖല വികസന നയത്തിലൂടെ മുഖ്യമായും സർക്കാർ പ്രതീക്ഷിക്കുന്ന ലക്ഷ്യം എന്താണെന്ന് വിശദീകരിക്കുമോ;

(സി) മൽസ്യ മേഖലയിൽ സ്വകാര്യ പങ്കാളിത്തത്തിന് കൂടുതൽ പ്രാധാന്യം നൽകിയിരിക്കുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ഡി) മൽസ്യ വിഭവ മാനേജ്മെന്റിൽ ജനപങ്കാളിത്തം വേണ്ടെന്നുവച്ചതിന്റെ ഉദ്ദേശം എന്തെന്ന് വ്യക്തമാക്കുമോ;

(ഇ) ഇന്ന് മൽസ്യമേഖലയിൽ പ്രകടമായിരിക്കുന്ന പ്രതിസന്ധി മറികടക്കാൻ ഈ നയം ഉതകുകയില്ലെന്ന കാര്യം സർക്കാർ പരിഗണിക്കുമോ;

(എഫ്) ഒരു നയരേഖയിലുണ്ടാകേണ്ട അടിസ്ഥാന കാര്യങ്ങൾ പോലും ഇല്ലാത്ത ഒന്നാണ് പ്രഖ്യാപിക്കപ്പെട്ട നയം എന്ന നിലയിലുള്ള വിമർശനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ഉത്തരം</u>

**പ്രൊഫ: കെ.വി.തോമസ് (ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി:-**

(എ) അമിത മത്സ്യബന്ധനത്തെത്തുടർന്നും മലിനീകരണം മുതലായ പ്രതിസന്ധികൾ മൂലവും ലോകത്തെങ്ങും മത്സ്യവിഭവങ്ങൾക്ക് ശോഷണം ഉണ്ടായിക്കൊണ്ടിരിക്കുന്നതിനാൽ 1995-ൽ ലോക ഭക്ഷ്യ സംഘടന "**<u>ഉത്തരവാദപൂർണ്ണമായ മത്സ്യബന്ധന പെരുമാറ്റച്ചട്ടം</u>**" പുറപ്പെടുവിച്ചതിനെത്തുടർന്ന് ഭാരതം ഉൾപ്പെടെയുള്ള യു.എൻ. അംഗരാഷ്ട്രങ്ങൾ പ്രസ്തുത അന്താരാഷ്ട്ര പെരുമാറ്റ ചട്ടം നടപ്പിലാക്കാൻ ബാദ്ധ്യസ്ഥമായ സാഹചര്യത്തിലും, എല്ലാ വ്യാപാരപ്രവർത്തനങ്ങളിലും ആഗോളവൽക്കരണത്തിന്റെയും സ്വകാര്യവൽക്കരണത്തിന്റയും സാന്നിദ്ധ്യം പ്രകടമായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിലും, വ്യവസ്ഥാപിതമായ ഒരു ഫിഷറീസ് നയത്തിന്റെ അടിസ്ഥാനത്തിൽ മത്സ്യമേഖലയിൽ അടുത്ത 25 വർ,ക്കാലം നടത്തേണ്ട വികസനപ്രവർത്തനങ്ങള്ളുടെ ഒരു കരടു മാർഗ്ഗരേഖയായിട്ടാണ് മത്സ്യമേഖല വികസനനയം പുറപ്പെടുവിച്ചിട്ടുള്ളത്. ഇത് കരട് മാത്രമാണ്. പൂർണ്ണ മത്സ്യനയം പ്രഖ്യാപിക്കാനിരിക്കുന്നതേയുള്ളു.

(ബി) വിപുലമായ വികസന സാദ്ധ്യതകളുള്ള മത്സ്യബന്ധന മേഖലയിൽ മത്സ്യ ഉത്പ്പാദനം പരമാവധി വർദ്ധിപ്പിക്കുക, മത്സ്യസമ്പത്തിന്റെ സംരക്ഷണവും വിവേകപൂർണ്ണമായ ചൂഷണവും ഉറപ്പുവരുത്തുക, മത്സ്യം വളർത്തലുംചെമ്മീൻ വളർത്തലും വികസിപ്പിക്കുക, മത്സ്യബന്ധന തുറമുഖങ്ങളുടേയും മത്സ്യം കരക്കടുപ്പിക്കൽ കേന്ദ്രങ്ങളുടേയും സ്ഥാപനവും പരിപാലനവും, മത്സ്യവിപണന പ്രവർത്തനങ്ങൾ ശക്തമാക്കൽ, മത്സ്യത്തൊഴിലാളികളുടേയും അവരുടെ കുടുംബാംഗങ്ങളുടേയും ജീവിത നിലവാരം ഉയർത്തൽ എന്നിവയുമാണ് ലക്ഷ്യങ്ങൾ.

(സി) അന്താരാഷ്ട്ര വാണിജ്യ കരാർ അനുസരിച്ച് എല്ലാ വ്യാപാരപ്രവർത്തനങ്ങളിലും തുറന്ന കംപോള വ്യവസ്ഥ നിലവിൽ വന്ന സാഹചര്യത്തിൽ ലോകത്തിലം മത്സ്യോല്പാദന രാഷ്ട്രങ്ങൾ എല്ലാം തന്നെ അവരുടെ നയങ്ങളിൽ പുതിയ സംഭവവികാസങ്ങൾക്കനുസൃതമായി മാറ്റങ്ങൾ വരുത്തിക്കൊണ്ടിരിക്കുകയാണ്. കൂടാതെ

മത്സ്യ കയറ്റുമതി വർദ്ധിപ്പിക്കുന്നതിനും, അന്താരാഷ്ട്ര മാർോക്കറ്റിൽ മത്സരിക്കുന്നതിനും മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ ഉല്പ്പാദനത്തിന് ഊന്നൽ നൽകുന്നതിനും ഈ മേഖലയിൽ ഐസ്പ്ളാന്റുകൾ, കോൾഡു സ്റ്റോറേജുകൾ തുടങ്ങിയവയിൽ മുതൽ മുടക്കാൻ സ്വകാര്യസംരംഭകർക്ക് അവസരം നൽകുന്നതുമാണ്.

(ഡി) മത്സ്യ വിഭവ മാനേജ്മെന്റിൽ ജനപങ്കാളിത്തം പരമാവധി ഉറപ്പാക്കിയിട്ടുണ്ട്.

(ഇ) മത്സ്യ മേഖലയിൽ അടുത്ത 25 വർ,ക്കാലം നടത്തേണ്ട വികസനക്ഷേമ പ്രവർത്തനങ്ങളുടെ ഒരു കരടു മാർഗ്ഗരേഖ മാത്രമാണ് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ളത്. മത്സ്യമേഖലയിലെ ശാസ്ത്രജ്ഞന്മാർ, ഉദ്യോഗസ്ഥന്മാർ, ജനനേതാക്കൾ, സാമൂഹ്യപ്രവർത്തകർ മറ്റ് ബന്ധപ്പെട്ടവർ എന്നിവരുടെ പരിശോധനയ്ക്കും പരിചിന്തനത്തിനും ശേഷം മാത്രമേ മത്സ്യമേഖലാ വികസന നയം (ഫിഷറീസ് പോളിസി) ആവിഷ്ക്കരിക്കുകയുള്ളു.

(എഫ്) ഇല്ല.

## താരീഫ് റഗുലേറ്ററി കമ്മിഷൻ രൂപീകരിക്കാനുള്ള നടപടികൾ

*53. ശ്രീ. കെ.സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് താരീഫ് റഗുലേറ്ററി കമ്മിഷൻ രൂപീകരിക്കാനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്താമോ;

(ബി) താരീഫ് റഗുലേറ്ററി കമ്മീഷന്റെ രൂപീകരണത്തിനു മുൻപായി വൈദ്യുതിചാർജ്ജ് കൂടാനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ?

**ഉത്തരം**

**ശ്രീ. കടവൂർ ശിവദാസൻ (വിദ്യുച്ഛക്തിവകുപ്പു മന്ത്രി):-**

(എ) കമ്മിഷന്റെ ചെയർപേഴ്സണേയും അംഗങ്ങളെയും തെരഞ്ഞെടുക്കുന്നതിന് വേണ്ട സെലക്ഷൻ കമ്മിറ്റിയെ രൂപീകരിക്കുകയും 15.4.2002 അവസാന തീയതി വച്ച് അപേക്ഷകൾ ക്ഷണിക്കുകയും ചെയ്തു കഴിഞ്ഞു. ലഭിച്ച അപേക്ഷകൾ കമ്മിറ്റിയുടെ പരിഗണനയിലാണ്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

## പുതിയ ജലവൈദ്യുത പദ്ധതികൾ

*54. ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്:
ശ്രീ. ടി.പി.എം. സാഹിർ:
ശ്രീ. കെ.എൻ.എ. ഖാദർ:
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് പുതുതായി തുടങ്ങാൻ ആലോചിക്കുന്ന ജലവൈദ്യുത പദ്ധതികൾ ഏതെല്ലാം;

(ബി) ഇതിൽ ഏതെല്ലാം പദ്ധതികൾക്ക് കേന്ദ്രഗവൺമെന്റിന്റെ അനുമതി ലഭിച്ചു;

(സി) ഏതെല്ലാം പദ്ധതികളാണ് പണി തുടങ്ങിയിട്ടുള്ളത്;

(ഡി) ഇതിന്റെ പ്രവർത്തനം പൂർത്തിയാക്കി വൈദ്യുതി ഉത്പ്പാദനം എന്നത്തേക്ക് നടക്കുമെന്ന് വ്യക്തമാക്കുമോ?

**ഉത്തരം**

**ശ്രീ. കടവൂർ ശിവദാസൻ (വിദ്യുച്ഛക്തി വകുപ്പുമന്ത്രി):-**

(എ) പുതുതായി തുടങ്ങാൻ ആലോചിക്കുന്ന ജലവൈദ്യുത പദ്ധതികളുടെ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.

(ബി)
1. ആതിരപ്പള്ളി 163 മെ.വാ.
2. കുറ്റ്യാടി അഡീഷണൽ എക്സ്റ്റൻഷൻ സ്കീം 100 മെ.വാ.
3. ചെങ്കുളം ആഗ്മെന്റേഷൻ 85 മി.യു.
4. ലോവർ മീൻമുടി 3.5 മെ.വാ.

ഇതിൽ ആതിരപ്പള്ളി പദ്ധതിയുടെ എൺവയോൺമെന്റ് ക്ളിയറൻസ് ഹൈക്കോടതിയുടെ നിർദ്ദേശപ്രകാരം പുന:പരിശോധനയിലാണ്.

(സി) താഴെപ്പറയുന്ന പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

I. ബോർഡ് നേരിട്ടു ചെയ്യുന്ന പദ്ധതികൾ

| | | |
|---|---|---|
| 1. | കുറ്റ്യാടി ടെയിൽറേസ് | 3.75 മെ.വാ. |

| | | |
|---|---|---|
| 2. | ചെംപുക്കടവ് ഒന്നാംഘട്ടം | 2.7 മെ.വാ. |
| 3. | ചെംപുക്കടവ് രണ്ടാംഘട്ടം | 3.75 മെ.വാ |
| 4. | ഉറുമി ഒന്നാംഘട്ടം | 3.75 മെ.വാ |
| 5. | ഉറുമി രണ്ടാം ഘട്ടം | 2.4 മെ.വാ |
| 6. | കുറ്റ്യാടി ആഗ്മെന്റേഷൻ | 223 മി.യൂ |
| 7. | മലങ്കര ചെറുകിട ജലവൈദ്യുത പദ്ധതി | 10.5 മെ.വാ |
| 8. | വടക്കേപ്പുഴ ഡൈവേർഷൻ പദ്ധതി | 12 മി.യൂ. |
| 9. | കുട്ട്യാർ ഡൈവേർഷൻ പദ്ധതി | 37 മി.യൂ |
| 10. | വഴിക്കടവ് ഡൈവേർഷൻ പദ്ധതി | 24 മി.യൂ |
| 11. | അഴുത ഡൈവേർഷൻ പദ്ധതി | 57 മി.യൂ. |

II.സ്വകാര്യ ഏജൻസികൾ വഴി നടത്തുന്നവ

| | | |
|---|---|---|
| 1. | ഭൂതത്താൻകെട്ട് | 16 മെ.വാ |
| 2. | ഉള്ളുങ്കൽ | 7 മെ.വാ. |
| 3. | കാരിക്കയം | 15 മെ.വാ |
| (ഡി) | പദ്ധതികൾ | പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്ന സമയം |
| 1. | കുറ്റ്യാടി ടെയിൽ റേസ് | 4/2003 |
| 2. | ചെംപുക്കടവ് ഒന്നാംഘട്ടം | 6/2003 |
| 3. | ചെംപുക്കടവ് രണ്ടാംഘട്ടം | 6/2003 |
| 4. | ഉറുമി ഒന്നാം ഘട്ടം | 6/2003 |
| 5. | ഉറുമി രണ്ടാംഘട്ടം | 6/2003 |
| 6. | കുറ്റ്യാടി ഓഗ്മെന്റേഷൻ | 12/2004 |
| 7. | മലങ്കര | 10/2003 |
| 8. | വടക്കേപ്പുഴ | 12/2002 |
| 9. | കുറ്റ്യാർ ഡൈവേർഷൻ | 12/2004 |
| 10. | വഴിക്കടവ് ഡൈവേർഷൻ | 6/2002 |
| 11. | അഴുത ഡൈവേർഷൻ | 2/2004 |

## പരിസ്ഥിതി സൗഹൃദ വിനോദസഞ്ചാരം പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടി

55. ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) പരിസ്ഥിതി സൗഹൃദ വിനോദസഞ്ചാരം പ്രോത്സാഹിപ്പിക്കുന്നതിനായി പ്രത്യേക പദ്ധതികൾ തയ്യാറാക്കി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

**ഉത്തരം**

**പ്രൊഫ. കെ.വി. തോമസ് (ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി:-**

(എ) ഉണ്ട്.

(ബി) 2002-2003-ലെ സംസ്ഥാന ബഡ്ജറ്റിൽ പരിസ്ഥിതി സൗഹൃദ ടൂറിസം വികസനത്തിനായി 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പുതിയ ഇക്കോ-ടൂറിസം ലക്ഷ്യങ്ങളും വന്യമൃഗ സങ്കേതങ്ങളും വികസിപ്പിക്കുക, തോട്ടങ്ങളും കൃഷിസ്ഥലങ്ങളും ഉൾക്കൊള്ളുന്ന വിനോദസഞ്ചാര പരിപാടികൾ ആവിഷ്ക്കരിക്കുക, വയനാട്, ഇടുക്കി, കൊല്ലം, പത്തനംതിട്ട, തിരുവനന്തപുരം ജില്ലകളിലെ ഇക്കോ-ടൂറിസം പദ്ധതികളുടെ വികസനം നടപ്പാക്കുക, പെരിയാർ, മുത്തങ്ങ, തോൽപ്പെട്ടി, പേപ്പാറ, ശെന്തുരുണി എന്നീ

വന്യമൃഗ സങ്കേതങ്ങൾ വികസിപ്പിച്ച് വിനോദസഞ്ചാരസൗഹാർദ്ദ കേന്ദ്രങ്ങളാക്കുക എന്നിവയൊക്കെയാണ് ലക്ഷ്യമിട്ടിരിക്കുന്ന പുതിയ പദ്ധതികൾ.

## <u>വൈദ്യുതി മീറ്ററിന് വാടക ഏർപ്പെടുത്തിയ നടപടി</u>

*56. ശ്രീ. എം.വി. ജയരാജൻ:
ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:
ശ്രീ. കെ.കെ. ജയചന്ദ്രൻ:
ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡ് വൈദ്യുതി മീറ്ററിന് വാടക ഏർപ്പെടുത്തിയതെന്നു മുതലാണ് ;

(ബി) വൈദ്യുത മീറ്ററിന് വാടക ഏർപ്പെടുത്തിയത് സംബന്ധിച്ച വിശദവിവരം വ്യക്തമാക്കുമോ;

(സി) ഇതുമൂലം വൈദ്യുതി ബോർഡിന് എന്തു തുക അധികമായി ലഭിക്കും;

(ഡി) വൈദ്യുതി കണക്ഷൻ എടുക്കുമ്പോൾ ഉപഭോക്താക്കളിൽ നിന്നും മീറ്റർ വില ഈടാക്കുകയും അതിന്റെപേരിൽ ഇപ്പോൾ മാസംതോറും മീറ്റർ വാടക ഈടാക്കുകയും ചെയ്യുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ വൈദ്യുതി മീറ്ററിനു വാടക ഏർപ്പെടുത്തിയ നടപടി പിൻവലിക്കാൻ തയ്യാറാകുമോ?

**<u>ഉത്തരം</u>**

**ശ്രീ. കടവൂർ ശിവദാസൻ (വിദ്യുച്ഛക്തി വകുപ്പുമന്ത്രി):-**

(എ) സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡ് വൈദ്യുതി മീറ്ററിംഗ് വാടക ഏർപ്പെടുത്തിയത് മെയ് 2002 മുതലാണ്.

(ബി) എൽ.ടി ഉപഭോക്താക്കളിൽ നോൺപേയിംഗ് വിഭാഗത്തിനും ഉപഭോക്താക്കൾ തന്നെ മീറ്റർ സ്ഥാപിച്ച് സംരക്ഷിച്ചുവരുന്ന റാപ്പിഡ് സർവ്വീസ് കണക്ഷൻ, ഹൈറൈസ് ബിൽഡിംഗ്, കണക്ടഡ് ലോഡ് 100 മുതൽ 150 കെ.വി.എ വരെ എന്നീ വിഭാഗത്തിനും ഒഴികെയുള്ള വിഭാഗങ്ങൾക്ക് മെയ് 2002 മുതൽ മീറ്റർ വാടക ഏർപ്പെടുത്തിയിട്ടുണ്ട്.

<u>മീറ്റർ വാടക പ്രതിമാസ നിരക്കുകൾ</u>

1. സിംഗിൾ ഫേസ് മീറ്റർ 10 രൂപ
2. ത്രീ ഫേസ് മീറ്റർ
(20 ആമ്പിയർ വരെ) 20 രൂപ
3. ത്രീഫേസ് മീറ്റർ
(20 –30 ആമ്പിയർ വരെ) 50 രൂപ
4. 30 ആമ്പിയറിനു മകളിലുള്ള
ത്രീഫേസ് മീറ്റർ, സി. മീറ്റർ എന്നിവയ്ക്ക് 75 രൂപ

(സി) പ്രതിമാസം ഉദ്ദേശം 4 കോടി രൂപ

(ഡി) ആന്റ് (ഇ): ഉപഭോക്താക്കൾ സ്വന്തമായി മീറ്റർ വാങ്ങുകയും കേടായാൽ അവർതന്നെ മാറ്റേണ്ടതുമായ വിഭാഗത്തിൽ നിന്നും മീറ്റർ വാടക വാങ്ങുന്നില്ല.

## <u>ജല അതോറിറ്റിയിലെ പരിഷ്ക്കാരങ്ങൾ</u>

*57. ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. കോടിയേരി ബാലകൃഷ്ണൻ:
ശ്രീ. ടി.കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

എ) ജല അതോറിറ്റിയിൽ എന്തെല്ലാം നിലയിലുള്ള പരിഷ്ക്കാരങ്ങൾ ഏർപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്;

(ബി) പരിഷ്ക്കാരങ്ങൾ സംബന്ധിച്ച് ജല അതോറിറ്റി പരിഗണിച്ചിരിക്കുന്ന ശുപാർശകൾ എന്തെല്ലാമാണ്;

(സി) ജല അതോറിറ്റിയുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച് പഠിച്ച് ശുപാർശ സമർപ്പിക്കുവാൻ ഏതെങ്കിലും സമിതിയെ നിയോഗിക്കുകയുണ്ടായോ;

(ഡി) ആസൂത്രണ ബോർഡ് എന്തെല്ലാം നിർദ്ദേശങ്ങളാണ് ജല അതോറിറ്റിക്ക് നൽകിയിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(ഇ) ജല അതോറിറ്റി പുന:സംവിധാനം ചെയ്യേണ്ടത് സംബന്ധിച്ച് എ.ഡി.ബി. നിർദ്ദേശം എന്തായിരുന്നുവെന്ന് വിശദമാക്കാമോ?

**ഉത്തരം**

**ശ്രീ. ടി.എം. ജേക്കബ് (ജലവിഭവ വകുപ്പുമന്ത്രി):-**

(എ),(ബി) & (സി) : കേരളാ വാട്ടർ അതോറിറ്റിയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും സാമ്പത്തിക ഭദ്രത സംബന്ധിച്ചും വ്യക്തമായ നിർദ്ദേശങ്ങൾ സമർപ്പിക്കാനായി ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറി, ജലവിഭവവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, ആസൂത്രണ സാമ്പത്തിക കാര്യ സെക്രട്ടറി, കേരളാ വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ (കൺവീനർ) എന്നിവരടങ്ങിയ ഒരു സമിതിയെ നിയോഗിച്ചിരുന്നു. സമിതിയുടെ നിർദ്ദേശങ്ങൾ പരിശോധിച്ച് തീരുമാനമെടുത്തശേഷമേ കേരളാ വാട്ടർ അതോറിറ്റിയിൽ നടപ്പാക്കേണ്ട പരിഷ്ക്കാരങ്ങൾ നിശ്ചയിക്കുകയുള്ളു. കേരളാ വാട്ടർ അതോറിറ്റി പുന:സംഘടന സംബന്ധിച്ച് ജല അതോറിറ്റി കരട് നിർദ്ദേശങ്ങൾ തയ്യാറാക്കി പരിശോധിച്ചു വരുന്നുണ്ട്. ഇത് സംബന്ധിച്ച് സംഘടനാ പ്രതിനിധികളുമായി പ്രാരംഭ ചർച്ചകൾ വിവിധ തലങ്ങളിൽ നടന്നു കഴിഞ്ഞു.

(ഡി) നിർദ്ദേശങ്ങൾ ജല അതോറിറ്റിക്ക് നൽകിയിട്ടില്ല.

(ഇ) കേരളാ വാട്ടർ അതോറിറ്റി സംബന്ധിച്ച് പ്രത്യേക നിർദ്ദേശമൊന്നും ലഭിച്ചിട്ടില്ല.

## <u>വൈദ്യുതി ചാർജ്ജ് വർദ്ധന</u>

*58. ശ്രീ. എ.എ. അസീസ്:

ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വൈദ്യുതി ചാർജ്ജ് ഓരോ വിഭാഗത്തിനും ഓരോ സ്ളാബിനും എത്ര രൂപവീതം വർദ്ധിപ്പിച്ചു;

(ബി) പുതിയതായി ഏതെല്ലാം വിഭാഗത്തിലാണ് ഫീസ് ഈടാക്കൽ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നത്;

(സി) മീറ്ററിന് ഫീസ് ഏർപ്പെടുത്തുന്നതിലൂടെ എത്ര രൂപയുടെ അധികവരുമാനമാണ് പ്രതീക്ഷിക്കുന്നത്;

(ഡി) വൈദ്യുതി ബില്ലിംഗ് മാസത്തിലൊരിക്കൽ ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചാർജ് വർദ്ധനവിലൂടെ എത്ര രൂപയുടെ അധികവരുമാനം ഉണ്ടായി എന്ന് വെളിപ്പെടുത്താമോ?

**ഉത്തരം**

**ശ്രീ. കടവൂർ ശിവദാസൻ (വിദ്യുച്ഛക്തിവകുപ്പു മന്ത്രി):-**

(എ) അനാഥാലങ്ങൾ, മന്ദബുദ്ധികൾ, അന്ധർ, ബധിരർ, മൂകർ എന്നിവരുടെ സ്കൂളുകൾ, ചെഷയർഹോം മുതലായവ ഒഴികെയുള്ള എല്ലാ വിഭാഗങ്ങൾക്കും 16.5.1999 മുതൽ നിലവിലുണ്ടായിരുന്ന റേറ്റിന്റെ 25% വർദ്ധനവ് വരുത്തിയിട്ടുണ്ട്.

(ബി) മെയ് 2002 മുതൽ എൽ.റ്റി. വിഭാഗങ്ങളിൽ നോൺ പേയിംഗ് വിഭാഗത്തിനും ഉപഭോക്താക്കൾ തന്നെ മീറ്റർ സ്ഥാപിച്ച് നിലനിർത്തിവരുന്ന റാപ്പിഡ് സർവ്വീസ് കണക്ഷൻ,

ഹൈറൈസ് ബിൽഡിംഗ്, കണക്ടഡ് ലോഡ് 100-നും 150 കെ.വി.എ. ഒഴികെയുള്ള ഉപഭോക്താക്കൾക്കും മീറ്റർ വാടക ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) പ്രതിമാസം ഉദ്ദേശം നാല്(4) കോടി രൂപ

(ഡി) വ്യാവസായിക ഉപഭോക്താക്കൾക്കും 10 കെ.ഡബ്ള്യൂ വിൽ അധികം കണക്ടഡ് ലോഡുള്ള ഉപഭോക്താക്കൾക്കും മാസത്തിൽ ഒരിക്കൽ ബില്ലിംഗ് നടത്തുന്നുണ്ട്.

(ഇ) പ്രതിമാസം ഉദ്ദേശം 40 കോടി രൂപയുടെ വർദ്ധന ഉണ്ടായി.

## ഫിഷിംഗ് ഹാർബറുകളുടെ മേൽനോട്ടം ഏജൻസികളെ ഏൽപ്പിക്കാനുള്ള തീരുമാനം

*59. ശ്രീ. ടി.കെ. ദേവകുമാർ:
ശ്രീ. കെ.പി.സതീശ്ചന്ദ്രൻ:
ശ്രീ. മത്തായി ചാക്കോ:
ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഫിഷിംഗ് ഹാർബറുകളുടെ മേൽനോട്ടം മറ്റേതെങ്കിലും ഏജൻസികളെ ഏൽപ്പിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ അതു സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ;

(സി) ഫിഷ് ലാന്റിംഗ് സെന്ററുകൾ സ്വകാര്യമേഖലയ്ക്ക് നൽകാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ?

**ഉത്തരം**

**പ്രൊഫ. കെ.വി.തോമസ് (ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി):-**

(എ) &(ബി) : ഫിഷിംഗ് ഹാർബറിന്റെ ഭരണ നിയന്ത്രണം ട്രാവൻകൂർ-കൊച്ചിൻ ലിറ്ററി-സയന്റിഫിക് ആന്റ് ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് 1955 അനുസരിച്ച് രജിസ്റ്റർ ചെയ്യുന്ന സൊസൈറ്റിയെ ഏൽപ്പിക്കുവാനുള്ള ഒരു നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്.

(സി) ഇല്ല.

## വൈദ്യുതി കണക്ഷൻ നൽകുന്നതിന് കാലതാമസം

*60. ശ്രീ. ഷിബു ബേബിജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി കണക്ഷൻ നൽകുന്നതിന് കാലതാമസം വരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത്തരത്തിൽ വരാനുള്ള കാരണം വിശദീകരിക്കാമോ;

(സി) ഇത് പരിഹരിക്കുവാൻ എന്തെങ്കിലും നടപടി സ്വീകരിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

**ഉത്തരം**

**ശ്രീ. കടവൂർ ശിവദാസൻ (വിദ്യുച്ഛക്തി വകുപ്പുമന്ത്രി):-**

(എ) ഉണ്ട്.

(ബി) സാമ്പത്തിക ഞെരുക്കംമൂലം വൈദ്യുതി വിതരണ ശൃംഖല വ്യാപിപ്പിക്കുന്നതിനുവേണ്ടിയുള്ള സാധന സാമഗ്രികൾ വാങ്ങിക്കുന്നതിന് നേരിടുന്ന കാലതാമസമാണ് ഇതിന് കാരണം.

(സി) ഉണ്ട്. വിവിധ സാമ്പത്തിക സ്ഥാപനങ്ങളിൽ നിന്നും പണം സമാഹരിച്ച് ഈ പ്രശ്നത്തിന് പരിഹാരം കാണാനാണ് ഉദ്ദേശിക്കുന്നത്.